കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പൊന്നാനി നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.21/2452 /2017 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം ജില്ലാ

കാര്യാലയം

തീയതി 30/11/2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പൊന്നാനി നഗരസഭ

സർ,

വിഷയം : പൊന്നാനി നഗരസഭ - 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൊന്നാനി നഗരസഭയുടെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്/നഗരപാലിക -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)ഡയരക്ടർ,നഗരകാര്യ വകുപ്പ്

3)നഗരകാര്യ വകുപ്പ് റീജ്യണൽ ജോയിന്റ് ഡയരക്ടർ,കോഴിക്കോട്

4)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.എം.പി.എം.25/301/2017

തിയ്യതി:30/11/2017

## മലപ്പുറം ജില്ലയിലെ പൊന്നാനി നഗരസഭയുടെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ നഗരപാലികാ നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പൊന്നാനി നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 09-01-2017 മുതൽ 28-10-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 34 അന്വേഷണക്കുറിപ്പുകൾനൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേൽ ഉചിതമായ തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.ഷാജി വി കെ<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 30.10.17 മുതൽ 13.11.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | | ശ്രീ. സുരേഷ്.പി | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. ദിനേശൻ എം. | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. അബ്ദുൽ റഷീദ്. എം. പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.അബ്ദുന്നാസർ പി.(02.11.2017 മുതൽ- 06.11.2017 ഒഴികെ) | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. മുഹമ്മദ് സിയാദ് പി.പി.(31.10.2017മുതൽ) | സീനിയർ ഗ്രേ. ഓഡിറ്റർ |
| | | ശ്രീമതി സിന്ധു ഐ. | സീനിയർ ഗ്രേ. ഓഡിറ്റർ |

### (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| ചെയർമാൻ | ശ്രീ. സി.പി മുഹമ്മദ് കുഞ്ഞി | 01.04.2016 മുതൽ 31.03.2017 വരെ |
| മുനിസിപ്പൽ സെക്രട്ടറി | ശ്രീ. കെ.കെ. മനോജ് | 01.04.2016 മുതൽ 31.03.2017 വരെ |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പേര് | കാലയളവ് |
|---|---|---|
| പ്രിൻസിപ്പാൾ,<br>ജി.ജി.എച്ച്.എസ്, തൃക്കാവ് | ശ്രീമതി.രതി | 01.04.2016 മുതൽ<br>31.03.2017 വരെ |
| എ.എഫ്.ഒ | ശ്രീമതി. രാധാലക്ഷ്മി പിള്ളൈ | 01.04.2016 മുതൽ<br>31.03.2017 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ. ബിജു പി എം | 01.04.2016 മുതൽ<br>31.03.2017 വരെ |
| മുനിസിപ്പൽ എഞ്ചിനീയർ | ശ്രീ. രഘു പി | 01.04.2016 മുതൽ<br>31.03.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. അംബിക പി. | 01.04.2016 മുതൽ<br>31.03.2017 വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീ. മുഹമ്മദ് ഫവാസ് | 01.04.2016 മുതൽ<br>31.03.2017 വരെ |
| സീനിയർ മെഡിക്കൽ ഓഫീസർ (അലോപ്പതി),<br>സൂപ്രണ്ട്<br>താലൂക്ക് ഹോസ്പിറ്റൽ, പൊന്നാനി. | ഡോ. ഷാജികുമാർ എ. | 01.04.2016 മുതൽ<br>31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി),പി.എച്ച്.സി | ഡോ. ഷബീർ പൊന്നാടൻ | 01.04.2016 മുതൽ<br>31.03.2017 വരെ |

| | | |
|---|---|---|
| | | |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദ ഡിസ്പെൻസറി) | ഡോ. ഫിബി മോൾ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.ജൈനി | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. നർദ ബി | 01.04.2016 മുതൽ 31.03.2017 വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീമതി ശ്രീജയ | 01.04.2016 മുതൽ 31.03.2017 വരെ |
| സീനിയർ വെറ്റിനറി സർജൻ | ഡോ.ഉഷ | 01.04.2016 മുതൽ 31.03.2017 വരെ |
| പ്രൊജക്ട് ഓഫീസർ | ശ്രീ.റിയാസ് ടി. | 01.04.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |

| | | |
|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം -2 | |
| 12 | ഡി&ഒ ലൈസൻസ് -അപാകതകൾ | 2-1 |
| 13 | മത്സ്യമാർക്കറ്റ് ലേലം- അപാകത | 2-2 |
| 14 | തൊഴിൽ നികുതി -അപാകതകൾ | 2-3 |
| 15 | രശീതി ബുക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 2-4 |
| 16 | സ്ഥിര നിക്ഷേപം- പലിശയിനത്തിൽ നഗരസഭയ്ക്ക് നഷ്ടം | 2-5 |
| 17 | സാംഖ്യസ്റ്റേഷണറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 2-6 |
| 18 | ഷോപ്പിംഗ് കോംപ്ലക്സ്-വാടക കുടിശ്ശിക ഈടാക്കിയില്ല | 2-7 |
| | ഭാഗം 3 | |
| 19 | പട്ടികജാതി പട്ടികവർഗ വിഭാഗക്കാർക്ക് വിദേശ തൊഴിൽ - രേഖകൾ ഹാജരാക്കിയിട്ടില്ല. ചെലവു തുക തടസ്സം ചെയ്യുന്നു | 3-1 |
| 20 | ഭവന നിർമ്മാണ പദ്ധതികൾ പൂർത്തീകരിക്കേണ്ടതാണ് | 3-2 |
| 21 | വീട് റിപ്പയർ- എസ്.സി- മാർഗ്ഗരേഖകൾ പാലിക്കുന്നില്ല | 3-3 |
| 22 | മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല | 3-4 |
| 23 | കുടിവെള്ള കണക്ഷന് സബ്സിഡി - അപാകതകൾ | 3-5 |
| 24 | ചെലവ് രേഖകൾ ലഭ്യമാക്കിയില്ല | 3-6 |
| 25 | ജൈവവൈവിദ്യരജിസ്റ്റർ തയ്യാറാക്കൽ - അകാരണമായ കാലതാമസം | 3-7 |
| 26 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-8 |

| | | |
|---|---|---|
| 27 | ഭവന നിർമ്മാണം ലക്ഷ്യം കൈവരിക്കുന്നില്ല- ലക്ഷക്കണക്കിന് രൂപ മുടങ്ങിക്കിടക്കുന്നു. | 3-9 |
| 28 | വീട് റിപ്പയർ- നിർവ്വഹണത്തിൽ അപാകത | 3-10 |
| 29 | ഭവന പുനരുദ്ധാരണം - ഓട് മേയൽ-സബ്സിഡി പരിധിയിൽ അധികരിച്ച് ധന സഹായം നൽകി. | 3-11 |
| 30 | മരുന്ന് മുഴുവനായും ലഭ്യമായില്ല | 3-12 |
| 31 | പെർഫോർമൻസ് സെക്യൂരിറ്റികൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല | 3-13 |
| 32 | അളവെടുത്തതിലെ അപാകത കാരണം 14071 രൂപയുടെ അധികച്ചിലവ് വന്നു | 3-14 |
| 33 | ആദായ നികുതി കുറഞ്ഞ നിരക്കിൽ ഈടാക്കി | 3-15 |
| 34 | ഈശ്വരമംഗലം ഐ.എ.എസ് അക്കാദമിയിൽ ടോയ്‌ലറ്റ് നിർമ്മാണം - സർക്കാർ അനുമതി വാങ്ങിയിട്ടില്ല | 3-16 |
| 35 | മുനിസിപ്പൽ എഞ്ചിനീയറുടെ അക്കൗണ്ടിൽ ഭീമമായ തുക നീക്കിയിരിപ്പായി അവശേഷിക്കുന്നു | 3-17 |
| 36 | ഡി.അർ.മേസറിക്ക് അധിക നിരക്ക് അനുവദിച്ചതിനാൽ അധികച്ചലവ്. | 3-18 |
| 37 | പുഴമ്പ്രം ആയുർവ്വേദ ഡിസ്പെൻസറി റോഡ് കോൺക്രീറ്റിംഗ് - ടെണ്ടർ ഫീ ഇനത്തിൽ കുറഞ്ഞ തുക ഈടാക്കി | 3-19 |
| 38 | ഗാർഡൺ ടില്ലർ ഉപയോഗിച്ചു തുടങ്ങിയില്ല | 3-20 |
| 39 | ആയുർവേദ മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല | 3-21 |
| 40 | സർക്കാരിന് ലഭിക്കേണ്ട നികുതി അടവാക്കിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തിയിട്ടില്ല | 3-22 |
| 41 | ഹോമിയോ മരുന്നുകൾ മുഴുവൻ ലഭ്യമാക്കിയിട്ടില്ല | 3-23 |
| | | |
| | ഭാഗം-4 | |
| 42 | സംയുക്ത പദ്ധതികൾക്ക് നല്കിയ വിഹിതം | 4-1 |
| 43 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 44 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 45 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 46 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |

| | | |
|---|---|---|
| 47 | ഓഡിറ്റ് റിക്കവറി | 4-6 |
| 48 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 49 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 50 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 ലെ പുതുക്കിയ ബജറ്റ് 28.03.2017 ലെ തീരുമാനം നമ്പർ.1പ്രകാരം അംഗീകരിച്ചു

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2017 | 14-09-2017 | - | - |

കുറിപ്പ് :14.09.2016 ന് ആണ് നഗരസഭ വാർഷിക ധനകാര്യ പത്രിക സമർപ്പിച്ചത്. ചട്ടപ്രകാരം വാർഷിക ധനകാര്യപത്രിക 31.07.2017 നകം ലഭിക്കേണ്ടതായിരുന്നു. യഥാസമയം തന്നെ വാർഷികകണക്കുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|
| ഓഡിറ്റിന്റെ ഭാഗമായി നിർവഹിച്ചു. | ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു. |

വാർഷിക കണക്കുകളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2007-ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം-53, 54 പ്രകാരം നിർദ്ദേശിച്ചിട്ടുള്ള വിഷയങ്ങളിൽ സെക്രട്ടറി നടപടി പൂർത്തിയാക്കിയിട്ടില്ല.

2. ബാലൻസ് ഷീറ്റിൽ ബി-14 ഷെഡ്യൂളിൽ സ്റ്റോർ ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം 28660 രൂപയായി കാണിച്ചിട്ടുണ്ട്. എന്നാൽ ധനകാര്യ വർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.

3. മുൻ വർഷങ്ങളിൽ ആർജ്ജിച്ച എല്ലാ ആസ്തികളുടേയും മൂല്യം കണക്കാക്കി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. തൻവർഷം ആർജ്ജിച്ച എല്ലാ ആസ്തികളേയും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4. സഞ്ചയ- സാംഖ്യ ഇൻറഗ്രേഷൻ പൂർത്തീകരിച്ചിട്ടില്ല.

5. നികുതി/നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റ് റജിസ്റ്ററുകളിൽ വർഷാവസാനം വാർഷിക സംക്ഷിപ്തം

രേഖപ്പെടുത്തുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇക്കാരണത്താൽ സാംഖ്യ യുമായി ഒത്തു നോക്കാൻ സാധിച്ചിട്ടില്ല.

6. ബി-ഫണ്ടിനത്തിൽ വിവിധ പെൻഷനുകൾ പ്രകാരമുള്ള അലോട്ട്മെന്റ് തുകകൾ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.

7. ബാലൻസ് ഷീറ്റിൽ ബി- 15 ഷെഡ്യൂളിൽ വസ്തു നികുതി, തൊഴിൽ നികുതി, പരസ്യ നികുതി, ലൈസൻസ് ഫീ, വാടക എന്നീയിനങ്ങളിൽ കുടിശ്ശിക കാണുന്നു. എന്നാൽ കുടിശ്ശിക ഡിമാൻറ് റജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ഇക്കാരണത്താൽ കുടിശ്ശികയുടെ വർഷം തിരിച്ചുള്ള കണക്കും ലഭ്യമല്ല.

8. വൗച്ചറുകൾ ഫണ്ടടിസ്ഥാനത്തിൽ സൂക്ഷിച്ചിട്ടില്ല.

9. ഡെപ്പോസിറ്റ് റജിസ്റ്റർ, മുൻകൂർ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. മുൻ വർഷങ്ങളിൽ നൽകിയ മുൻകൂർ തുകകൾ ക്രമീകരിക്കാത്തതായി ഇപ്പോഴും ബാലൻസ് ഷീറ്റിൽ അവശേഷിക്കുന്നു.

10. താഴെ കൊടുത്തിട്ടുള്ള അക്കൗണ്ടുകളുടെ ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് ബാങ്ക് പാസ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

| ക്രമ നമ്പർ | അക്കൗണ്ട് | ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ്. | പാസ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ്. | വ്യത്യാസം |
|---|---|---|---|---|
| 1. | എസ്.ടി./ എസ്.ബി. ട്രഷറി അക്കൗണ്ട്. | 42634545 | 55885500 | 13250955 |
| 2 | പി എൻ.ബി. (AUEGS) a/c no.71277 | 2040075 | 2198727 | 158652 |
| 3 | SBT PF a/c. no.31140 | 259491 | 509514 | 250023 |

മേൽ വ്യത്യാസം വിശദമാക്കേണ്ടതാണ്.

11. മുൻ വർഷങ്ങളിൽ പിൻവലിച്ച പദ്ധതിപ്പണം ചെലവഴിക്കാതെ സെക്രട്ടറിയുടെ പേരിൽ എസ്.ബി.ടി.യിലുള്ള അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ-5561) അവശേഷിക്കുന്നു. 31-3-2017 ന് അക്കൗണ്ടിൽ 24,62,534 രൂപ ബാലൻസുണ്ട്. ടി- തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ചിട്ടില്ല.

12. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവുകൾ എ.എഫ്.എസ്-ൽ ബുക്ക് ചെയ്തിട്ടില്ല.

13. ഇടപാടുകൾ ഇല്ലാത്ത താഴെ കൊടുത്തിട്ടുള്ള ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | അക്കൗണ്ട് നമ്പർ | 31-3-17- ലെ ബാലൻസ് |
|---|---|---|
| 1 | കനറാ ബാങ്ക്- A/C no.22797 | 151751 |
| 2 | വിജയ ബാങ്ക്-IDSSMT A/C. NO. 10279 | 1202427 |
| 3 | SBT-OWN FUND A/C no.5656 | 194315 |

14. ബജറ്റ് ഫങ്ഷൻ- ഫങ്ഷനറി അടിസ്ഥാനത്തിൽ പുനക്രമീകരിച്ച് അംഗീകാരം വാങ്ങിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## **1-4** സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 76388450.92 |
| വരവ് | 292663303 |
| ആകെ | 369051753.92 |
| ചെലവ് | 289677677 |
| നീക്കിയിരിപ്പ് | 79374076.92 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിബാക്കി | |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | - | 70439282 | 70439282 | 70439282 | - | 100% |
| വികസന ഫണ്ട് (എസ്.സി.പി) | - | 19177791 | 19177791 | 19177791 | - | 100% |
| വികസനഫണ്ട് (ടി.എസ്.പി) | - | - | - | - | - | - |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | - | 12370737 | 12370737 | 7040049 | - | 56.90% |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | - | 17241291 | 17241291 | 13125110 | - | 76.13% |
| ധനകാര്യ കമ്മീഷൻ അവാർഡ് | - | 91612005 | 91612005 | 71901791 | 19710214 | 78.48% |
| ലോക ബാങ്ക് ധന സഹായം | - | 3973028 | 3973028 | 3973028 | - | 100% |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 399 | 299807356 | 257 | 185657051 | - | 142 | 64% |

## 1-7 തനത് വരുമാനം

മുൻ വർഷത്തെ അപേക്ഷിച്ച് നഗരസഭക്ക് തനത് വരുമാനത്തിൽ 3.57% വ്യത്യാസം വന്നിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 20735174 | 25847175 | 5112001 | 24.65 |
| നികുതിയേതര വരവുകൾ | 8726409 | 6596735 | -2129674 | -24.40 |
| മറ്റുവരവുകൾ | 32160646 | 31380271 | -780375 | -24.26 |

| | | | | |
|---|---|---|---|---|
| ആകെ | 61622229 | 63824181 | 2201952 | 3.57 |

## 1-9 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30-10-2017 ന് 10-30എ.എം.ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 95,029 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

നികുതി നികുതിയേതര വരുമാനങ്ങളുടെ ഡിമാൻഡ്,കുടിശിക ഡിമാൻഡ് റജിസ്റ്റർ എന്നിവ യഥാവിധി സൂക്ഷിക്കുന്നില്ല.

നിർവഹണോദ്യോഗസ്ഥരുടെതുൾപ്പെടെയുള്ള കാലയളവ്,മേൽവിലാസം തുടങ്ങിയ വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ട മാസ്റ്റർ ഇങ്കുമ്പൻസി റജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഇതു മൂലം മേൽവിവരങ്ങൾ ലഭ്യമാക്കാൻ അനാവശ്യ കാലതാമസം നേരിടുന്നു.

നഗര ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രൊജക്ട് ഓഫീസർ,ഐ.സി.ഡി.എസ്. സൂപ്പർവൈസർ എന്നിവർ ടി.ആർ 7എ. കാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല. ഐ.സി.ഡി.എസ്. സൂപ്പർവൈസർ ഭക്ഷ്യധാന്യ സ്റ്റോക്ക് റജിസ്റ്ററും,പ്രൊജക്ട് റജിസ്റ്ററും,മെഡിക്കൽ ഓഫീസർ(അലോപതി,ആയുർവേദം,ഹോമിയോ എന്നിവർ) പ്രൊജക്ട് റജിസ്റ്ററും സൂക്ഷിക്കുന്നില്ല.

മുനിസിപ്പൽ എഞ്ചിനീയർ ടെൻഡർ റജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ സാക്ഷ്യപ്പെടുത്തുകയോ,എഗ്രിമന്റ് റജിസ്റ്ററിൽ പൂർത്തീകരണ കാലയളവു രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല.

എല്ലാ നിർവഹണ ഉദ്യോഗസ്ഥരും ജി.ഒ.(പി)177/06/ഫിൻ തി.12.4.06 ഉത്തരവിൽ നിർദേശിച്ച പ്രകാരമുള്ള റജിസ്റ്ററുകളും സൂക്ഷിക്കാനും സാക്ഷ്യപ്പെടുത്തി വെക്കാനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമനം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിററ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 16.1.2013-19.1.13 | 2011-12 | 22.4.2014 | ഇല്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.6.17-14.7.17 | 2016-17 വരെ | 30.8.2017 | ഇല്ല |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 1-8 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 549000 | 346 |
| കർഷകതൊഴിലാളി വേതനം | 3814840 | 1349 |
| വിധവാപെൻഷൻ | 33693040 | 9886 |
| വാർദ്ധക്യകാലപെൻഷൻ | 31745770 | 13064 |
| വികലാംഗപെൻഷൻ | 8402215 | 3131 |
| വിവാഹ ധനസഹായം | 300000 | 10 |
| 50 വയസ്സിനു മുകളിലുള്ള | 1529060 | 490 |

| | | |
|---|---|---|
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | | |

## 2-1 ഡി&ഒ ലൈസൻസ് -അപാകതകൾ

2016-17 വർഷത്തെ ഡി&ഒ ലൈസൻസ് പിരിവ് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.സർക്കുലർ നം.66562/RC3/12.ത.സ്വ.ഭ.വ.തീയതി 10.1.2013 പ്രകാരം ഡി &ഒ ലൈസൻസ് പുതുക്കിനല്കുമ്പോൾ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സ്ഥല പരിശോധന നടത്തി അപേക്ഷയിൽ പറഞ്ഞ കാര്യങ്ങൾ ശരിയാണെന്ന് ഉറപ്പു വരുത്തേണ്ടതാണ്. എന്നാൽ പുതുക്കാൻ ലഭിച്ച അപേക്ഷകളിൽ അന്വേഷണറിപ്പോർട്ട് ലഭ്യമല്ല.

2.വാർഷിക ധനകാര്യ പത്രികയിൽ തൻവർഷകുടിശ്ശികയായി 10,358/- രൂപയും മുൻവർഷ കുടിശ്ശിക 3,991 രൂപയുമുണ്ട്. കുടിശ്ശിക സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലാത്തതിനാൽ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3. നഗരസഭയിൽ ഡി&ഒ ലൈസൻസ് ഫീസ് പുനർ നിർണ്ണയം ചെയ്തത് 11.2.2002ലാണ്. കാലോചിതമായി ഫീസ് പുനർ നിർണ്ണയം ചെയ്യാത്തതുമൂലം ഓരോ വർഷവും നഗരസഭയ്ക്ക് വരുമാന നഷ്ടം സംഭവിക്കുന്നു

മേല്പറഞ്ഞ അപാകതകൾ ഓഡിറ്റ്അന്വേഷണകുറിപ്പ്(നം.21/08.11.2017) പ്രകാരം അറിയിച്ചിട്ടുണ്ട്. മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് അവയുടെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 മത്സ്യമാർക്കറ്റ് ലേലം-അപാകത

മത്സ്യ മാർക്കറ്റ് ലേലത്തിൽ (പുനർലേലതീയതി:22.3.2016) ശ്രീ.മുഹമ്മദ് പുത്തൻമാളിയേക്കൽ എന്നയാൾ മാത്രം പങ്കെടുക്കുകയും ലേലം ടിയാന് 23600 രൂപയ്ക്കു ഉറപ്പിക്കുകയും ചെയ്തു. മുൻവർഷത്തെ ലേലസംഖ്യ യായ23500/-രൂപയിൽ കേവലം100/-രൂപ മാത്രം വർദ്ധിപ്പിച്ച് ലേലം 28.3.2016ലെ ബഹു.മുൻസിപ്പൽ ചെയർമാൻെറ ഉത്തരവു പ്രകാരം അംഗീകരിച്ചിട്ടുണ്ട്.(ഫയൽനംR3/01/2016). ഒരാൾ മാത്രം പങ്കെടുത്ത പുനർ ലേലത്തിൽ കാലോചിതമായി തുക വർധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. പ്രസ്തുത അപാകത ഓഡിറ്റ് എൻക്വയറി (നം.20/7.11.2017) പ്രകാരം അറിയിച്ചിട്ടുണ്ട്.

13.11.2017ന് ലഭ്യമാക്കിയ മറുപടിയിൽ 21.3.2016ലെ ബഹു.കൗൺസിലിൻെറ 4-ാം നമ്പർ തീരുമാനപ്രകാരമാണ് പുനർലേലം നടത്തിയിട്ടുള്ളതെന്നറിയിക്കുകയുണ്ടായി.

നഗരസഭയ്ക്ക് വരുമാന നഷ്ടം ഉണ്ടാക്കുന്നതരത്തിലുള്ള ഇത്തരം നടപടികൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി -അപാകതകൾ

തൊഴിൽനികുതി പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്ററിൽ സ്ഥാപനങ്ങളുടെ ലിസ്റ്റ്, ജീവനക്കാരുടെ വിവരം, ജീവനക്കാരുടെ ആകെ വരുമാനം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

2.ഡിമാൻഡ് രജിസ്റ്ററിലെ നമ്പർപ്രകാരം റിട്ടേണുകൾ നമ്പറിട്ട് ക്രമീകരിച്ചിട്ടില്ല.

3.ഡിമാൻഡ് രജിസ്റ്ററിൽ വാർഷിക സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4.സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അടവുവിവരം രശീതി നമ്പർ,തിയതി സഹിതം രേഖപ്പടുത്തുന്നില്ല.

5.റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൻെറ വിവരം ലഭ്യമല്ല.

6.കച്ചവടസ്ഥാപനങ്ങളുടെതൊഴിൽനികുതി രജിസ്റ്ററിൽരേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അടവു വിവരം രേഖപ്പടുത്തിയിട്ടില്ല.

7.തൊഴിൽനികുതി കുറവായി ഈടാക്കി.

വിജയമാതാ ഇ.എം.എച്ച്.എസ്.എസിലെ ജീവനക്കാരുടെ തൊഴിൽ നികുതി 2016-17 ഒന്നാംഅർദ്ധ വർഷത്തിൽ1.6.2016 മുതൽ30.9.2016വരെയുള്ള 4 മാസത്തെ വരുമാനം കണക്കാക്കിയാണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്.ആയത് ക്രമപ്രകാരമല്ല.

8. വാർഷിക കണക്ക് പ്രകാരം കുടിശ്ശികയിനത്തിൽ 10,11,311/- രൂപ (തന്നാണ്ട് 216,470+കുടിശ്ശിക7,94,841)

ലഭിക്കാനുണ്ടെങ്കിലും അരിയർ ഡിമാൻഡ് രജിസ്റ്റർ ഓഡിറ്റിനു ഹാജറാക്കുകയോ, കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.18/07.11.2017നു നല്കിയ മറുപടിയിൽ 1മുതൽ 6വരെയുള്ള അപാകതകൾ പരിഹരിക്കുന്നതാണെന്നും,വിജയമാതാ ഇംഗ്ലീഷ് മീഡിയം സ്കൂൾ അദ്ധ്യാപകരിൽ നിന്നും ബാക്കിയുള്ള തുക ഈടാക്കാനും,അരിയർ ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കാനും കുടിശ്ശിക പിരിച്ചെടുക്കാനും നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിലെ പുരോഗതി ആദ്യ മറുപടിയിൽ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 രശീതി ബുക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

നഗരസഭയുടെ രശീതി ബുക്കുകളുടെസ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 17.1.2017 മുതൽ 10.11.2017 വരെ 305 രശീതി ബുക്കുകൾ ഇഷ്യു ചെയ്തിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന രശീതി ബുക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം. | കൈപ്പറ്റിയ ഉദ്യോഗസ്ഥന്റെ പേര് | രശീത് ബുക്ക് നമ്പർ | ഇഷ്യു ചെയ്ത തീയതി |
|---|---|---|---|
| 1 | RI-ശാന്തിദ | 351 | 7.3.2017 |
| 2 | അനിത .ടി | 352 | 8.3.2017 |
| 3 | RI-(കരീം) | 353 | 8.3.2017 |
| 4 | സുധേഷ്(BC) | 354 | 9.3.2017 |
| 5 | RI(ഉമ) | 355 | 10.3.2017 |
| 6 | അനിത.ടി | 356 | 10.3.2017 |
| 7 | RI(കരീം) | 357 | 10.3.2017 |
| 8 | RI(ആസിഫ്) | 358 | 10.3.2017 |
| 9 | RI(ആസിഫ്) | 359 | 10.3.2017 |
| 10 | RI(ഉമ) | 360 | 10.3.2017 |

മേല്പറഞ്ഞ രശീതി ബുക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം.29/10.11.2017) മുഖേനയും നേരിട്ടും ആവശ്യപ്പെട്ടിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. രശീതി ബുക്കുകൾ ഹാജരാക്കാതിരുന്നത് നഗരസഭ അധികൃതരുടെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിന് മേൽ നോട്ടം വഹിക്കുന്ന നഗരസഭാ സെക്രട്ടറി, സൂപ്രണ്ട് എന്നിവർക്കും ഇക്കാര്യത്തിൽ ഉത്തരവാദിത്വമുണ്ട്. രശീതി ബുക്കുകൾ ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്ത പക്ഷം ഉചിതമായ തുടർ നടപടി സ്വീകരിക്കുന്നതുമാണ്.

## 2-5 സ്ഥിര നിക്ഷേപം- പലിശയിനത്തിൽ നഗരസഭയ്ക്ക് നഷ്ടം

നഗരസഭയുടെ 2016-17 വർഷത്തെ എ.എഫ്.എസ്. പരിശോധിച്ചതിൽ നിന്നും 2,91,95,096 രൂപ സ്ഥിര നിക്ഷേപമായിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ബാങ്ക് | നിക്ഷേപിച്ച തിയതി | കാലയളവ് | തുക/റസിപ്റ്റ് നം. | പലിശ നിരക്ക് |
|---|---|---|---|---|
| പഞ്ചാബ് നാഷണൽ ബാങ്ക് | 20-9-2016 | 20-9-16-<br>20-9-17 | 3206910<br>no.1208 | 6% |
| പഞ്ചാബ് നാഷണൽ ബാങ്ക് | 20-9-2016 | 20-9-16-<br>20-9-17 | 3206912<br>no.1192 | 6% |
| പൊന്നാനി സർവീസ് സഹകരണ ബാങ്ക് | 5-7-16 | 5-7-16-<br>5-7-17 | 6000000<br>no.5023 | 8.8% |

| | | | | |
|---|---|---|---|---|
| പൊന്നാനി സർവീസ് സഹകരണ ബാങ്ക് | 5-7-16 | 5-7-16-<br>5-7-17 | 6000000<br>no.5024 | 8.8% |
| പൊന്നാനി സർവീസ് സഹകരണ ബാങ്ക് | 5-7-16 | 5-7-16-<br>5-7-17 | 6000000<br>no.5025 | 8.8% |
| പൊന്നാനി സർവീസ് സഹകരണ ബാങ്ക് | 5-7-16 | 5-7-16-<br>5-7-17 | 5000000<br>no.5026 | 8.8% |

പൊന്നാനി സർവീസ് സഹകരണ ബാങ്കിൽ സ്ഥിര നിക്ഷേപത്തിന് 8.8% പലിശയാണ് ലഭിക്കുന്നത്. എന്നാൽ പഞ്ചാബ് നാഷണൽ ബാങ്കിൽ 6% പലിശ നിരക്കിലാണ് നിക്ഷേപിച്ചിരിക്കുന്നത്. പലിശ നിരക്ക് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് പഞ്ചാബ് നാഷണൽ ബാങ്ക് അധികൃതരുമായി കൂടിയാലോചിക്കുകയോ നെഗോസിയേഷൻ നടത്തുകയോ ചെയ്തിട്ടില്ല. പഞ്ചാബ് നാഷണൽ ബാങ്കിൽ 6 മാസ കാലാവധിയിലും പൊന്നാനി സർവീസ് സഹകരണ ബാങ്കിൽ ഒരു വർഷ കാലാവധിയിലുമാണ് പണം നിക്ഷേപിച്ചിട്ടുള്ളത്.

നഗരസഭയുടെ മിച്ച ഫണ്ട് കുറഞ്ഞ പലിശ നിരക്കിൽ പഞ്ചാബ് നാഷണൽ ബാങ്കിൽ നിക്ഷേപിച്ചതിനാൽ നഗരസഭയ്ക്ക് താഴെ കൊടുത്തിട്ടുള്ള വിധം നഷ്ടം വന്നിട്ടുണ്ട്.

| | |
|---|---|
| പഞ്ചാബ് നാഷണൽ ബാങ്കിൽ 6% നിരക്കിൽ നിക്ഷേപിച്ച തുക | 3097549+<br>3097547<br>= 61,95,096 |
| ഒരു വർഷത്തേക്ക് ലഭിച്ച പലിശ | 5,32,129 |
| പൊന്നാനി സർവീസ് സഹകരണ ബാങ്കിൽ ഒരു വർഷത്തേക്ക് ലഭിക്കുമായിരുന്ന പലിശ. | 5,45,168 |
| പലിശയിനത്തിലെ കുറവ് | 13039 |

നഗരസഭയ്ക്ക് പലിശയിനത്തിൽ കുറവ് വന്ന 13039 രൂപ ഉത്തരവാദിയായ സെക്രട്ടറി യിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-6 സാംഖ്യസ്റ്റേഷണറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

സർക്കുലർ നം.48544/എബി/13 ത.സ്വ.ഭ.വ. തീ:22.04.2014 ഫ്രണ്ട് ഓഫീസ് വഴി ഉപയോഗിക്കേണ്ട സ്റ്റേഷണറികൾ കൈകാര്യം ചെയ്യേണ്ടത് അക്കൗണ്ടൻറുമാരുടെ ഉത്തരവാദിത്വത്തിലായിരിക്കണം. എന്നാൽ 2016-17 വർഷം മുൻസിപ്പാലിറ്റിയിൽ സാംഖ്യ രശിതികളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ നിലവിൽ അവശേഷിക്കുന്ന രശീതികളുടെ എണ്ണം സംബന്ധിച്ച് യാതൊരു രേഖയും സൂക്ഷിക്കുന്നില്ല. 2015-16ലെ ഓഡിറ്റ് റിപ്പോർട്ടിൽ പ്രസ്തുത പരാമർശമുണ്ടായിട്ടും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

ഇക്കാര്യത്തിൽ വിശദീകരണമാരാഞ്ഞുകൊണ്ട് എൻക്വയറി(നം.29/13.11.2017) പ്രകാരം അറിയിച്ചെങ്കിലും മറുപടിയും ലഭ്യമാക്കിയിട്ടില്ല.നിലവിലുള്ള രശീതികളുടെ കണക്ക് എണ്ണിതിട്ടപ്പെടുത്തി,ഇഷ്യൂ ചെയ്തിട്ടും ഉപയോഗിക്കാത്തവ ഉൾപ്പെടെ സ്റ്റോക്കിലെടുത്ത് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഇക്കാര്യത്തിലെ അലംഭാവം ഓഡിറ്റ് ഗൗരവപൂർവം വീക്ഷിക്കുന്നതാണ്.

## 2-7 ഷോപ്പിംഗ് കോംപ്ലക്സ്-വാടക കുടിശ്ശിക ഈടാക്കിയില്ല

നഗരസഭയുടെതാഴെ പറയുന്ന കെട്ടിടങ്ങളുടെ വാടക കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശം:

| ക്രമ.നം | പേര്/കെട്ടിടനം. | വാടക | അടവാക്കാനുള്ളത് | സേവന നികുതി | ആകെ(15%) |
|---|---|---|---|---|---|
| 1 | കെ. സുശീല<br>റൂം നം.22 | 1575 | 6300 | 945 | 7245 |

| | | | | | |
|---|---|---|---|---|---|
| 2 | കമല മേനോൻ റൂം.നം23 | 135 | 1620 | 243 | 1863 |
| | | ആകെ | | | 9108 |

വാർഷിക ധനകാര്യ പത്രിക പ്രകാരം വാടക കുടിശ്ശിക ഈടാക്കാനുള്ളത് 11,512/- രൂപയാണ്.പ്രസ്തുത വ്യത്യാസം ഓഡിറ്റ് അന്വേഷണകുറിപ്പ്(നം.27/09.11.2017)പ്രകാരം അറിയിച്ചിട്ടുണ്ട്.മറുപടി ലഭ്യമായിട്ടില്ല. കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പട്ടികജാതി പട്ടികവർഗ വിഭാഗക്കാർക്ക് വിദേശ തൊഴിൽ - രേഖകൾ ഹാജരാക്കിയിട്ടില്ല. ചെലവു തുക തടസ്സം ചെയ്യുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - SCDO

പ്രൊജക്റ്റ് നം - 410/17

ബിൽ നം - 38/22-2-17.

തുക – 56000 രൂപ.

പട്ടികജാതി പട്ടികവർഗ വിഭാഗക്കാർക്ക് വിദേശ തൊഴിൽ ലഭ്യമാക്കുക എന്ന പദ്ധതി പ്രകാരം 2 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. താഴെ പറയുന്ന ഗുണഭോക്താക്കളുടെ അപേക്ഷ, അനുബന്ധ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവു തുക തടസ്സം ചെയ്യുന്നു.

1. ശ്രീരാഗ് കടവത്തേൽ 30,000 രൂപ.
2. സിജു.പി.ആർ , പേലി 26,000 രൂപ

അന്വേഷണക്കുറിപ്പ് (6/ 3-11-2017) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കി അപാകത പരിഹരിക്കേണ്ടതാണ്.

### 3-2 ഭവന നിർമ്മാണ പദ്ധതികൾ പൂർത്തീകരിക്കേണ്ടതാണ്

പട്ടികജാതി വികസന ഓഫീസർ വിവിധ വർഷങ്ങളിൽ ആരംഭിച്ച/ നടപ്പാക്കിയ ഭവന നിർമ്മാണ പദ്ധതികളിൽ താഴെപറയും പ്രകാരം പൂർത്തീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

| വർഷം | കരാറിലേർപ്പെട്ടവർ | പൂർത്തീകരിച്ചത് | പൂർത്തീകരിക്കാൻ അവശേഷിക്കുന്നത് | റിമാർക്സ് |
|---|---|---|---|---|
| 2004-05 | 49 | 21 | 26 | 2 പേർക്ക് ഗഡുക്കൾ നൽകിയിട്ടില്ല |
| 2005-06 | 26 | 15 | 11 | |
| 2006-07 | 11 | 2 | 9 | |
| 2007-08 | 90 | 62 | 28 | |
| 2008-09 | 53 | 30 | 23 | |
| 2009-10 | 13 | 10 | 3 | |
| 2011-12 | 37 | 13 | 24 | EMS ഭവന പദ്ധതി |
| 2012-13 | 23 | 7 | 16 | |

| | | | | |
|---|---|---|---|---|
| 2013-14 | 19 | 7 | 12 | |
| 2014-15 | 79 | 10 | 67 | 2 പേർ തിരിച്ചടവാക്കി |

പദ്ധതി പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (5/3-11-2017) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിലെ പുരോഗതി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-3 വീട് റിപ്പയർ- എസ്.സി- മാർഗ്ഗരേഖകൾ പാലിക്കുന്നില്ല.

പട്ടികജാതി വികസന ഓഫീസർ 2016-17 സാമ്പത്തിക വർഷം വീട് പുനരുദ്ധാരണ പ്രൊജക്ടുകൾ രണ്ടെണ്ണം നടപ്പാക്കിയിട്ടുണ്ട്.

1. പ്രൊജക്ട് 117/2017 വീട് പുനരുദ്ധാരണം (എസ്.സി)

അടങ്കൽ7,50,000രൂപ,

ചെലവ് 662500രൂപ.(53പേർക്ക്ഒന്നാം ഗഡു )

ട്രഷറി ബിൽ 27/14-3-17- 625000

ട്രഷറി ബിൽ 33/25-3-17- 37500

2. പ്രൊജക്ട് 409/2017 വീട് റിപ്പയർ (എസ്.സി)

അടങ്കൽ 262500 രൂപ. 2015-16 രണ്ടാം ഗഡു നൽകുന്നതിന്.

ചെലവ് 262500 രൂപ. (21 ഗുണഭോക്താക്കൾക്ക് 12500 വീതം)

ട്രഷറി ബിൽ 5/26-12-16 -162500

ട്രഷറി ബിൽ 9/16-2-17 -50000

ട്രഷറി ബിൽ 20/27-2-17- 12500

ട്രഷറി ബിൽ 35/25-3-17- 37500

ജി.ഒ.(എം.എസ്) 4/ 2016 ത.സ്വ.ഭ.വ 11-01-2016 ഉത്തരവിലെ ഖണ്ഡിക 13 അനുബന്ധം 15 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 3.6 ക്രമ നമ്പർ 5 വീട് പുനരുദ്ധാരണത്തിന് സബ്സിഡി നൽകുവാൻ വേണ്ട താഴെ പറയുന്ന നിബന്ധനകൾ പാലിച്ചതായി കാണുന്നില്ല.

1. വീട് വാസയോഗ്യമാണെങ്കിലും പുനരുദ്ധാരണ- അറ്റകുറ്റപ്പണികൾ അനിവാര്യമായിരിക്കണം എന്നതിന് രേഖകളില്ല.

2. ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഓരോ വീടിന്റെയും അറ്റകുറ്റപ്പണിക്ക് എസ്റ്റിമേറ്റ് ഉടമസ്ഥൻ തയ്യാറാക്കണം എന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

3. എൽ.എസ്.ജി.ഡി എഞ്ചിനീയർ അളവ് എടുത്ത ശേഷമായിരിക്കണം സബ്സിഡി നൽകേണ്ടത്.എന്നാൽ അപ്രകാരമുള്ള വാല്യുവേഷൻ ഇല്ല.

4.വീടിന്റെ പഴക്കം സംബന്ധിച്ച വിവരമോ സാക്ഷ്യപ്പെടുത്തലോ ഇല്ല.

ഇക്കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (9/3-11-2017 ) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകളുടെ വെളിച്ചത്തിൽ 925000/- രൂപയുടെചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 മുൻകൂറുകൾ ക്രമീകരിച്ചില്ല

മുൻകൂർ രജിസ്റ്റർ പരിശോധനയിൽ വിവിധ ആവശ്യങ്ങൾക്ക് നല്കിയ മുൻകൂറുകൾ നാളിതുവരെയും ക്രമീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | | നല്കിയ തുക | നല്കിയ തിയതി | വൗച്ചർ / ചെക്ക് നമ്പർ |
|---|---|---|---|---|
| 1 | മോഹനൻ,ജെ.എച്ച്.ഐ | 15,000 | 20.11.13 | 21301455/ 19.11.13 |
| 2 | മോഹനൻ,ജെ.എച്ച്.ഐ | 5,000 | 20.11.13 | 21301456/ 19.11.13 |
| 3 | മോഹനൻ,ജെ.എച്ച്.ഐ | 28,575 | 27.11.13 | 21301522/ 27.11.13 |
| 4 | അബ്ദുൾ കരീം | 7,000 | 06.01.14 | 21301698/ 6.1.14 |
| 5 | മെ.സ്റ്റീൽ ഇൻഡസ്ട്രീസ്,കേരള ലി., തൃശ്ശൂർ | 20,00,000 | 05.03.14 | 21302121/ 04.03.14 |
| 6 | മോഹനൻ പി.പി, ജെ.എച്ച്.ഐ | 2,500 | 04.07.14 | 21400313/04.07.14 |
| 7 | മോഹനൻ പി.പി, ജെ.എച്ച്.ഐ | 50,000 | 21.07.14 | 21400400/ 21.07.14 |
| 8 | മനോജ്കുമാർ എം ജി2 | 5,000 | 07.08.14 | 21400499/ 07.08.14 |
| 9 | ഷജീഷ് | 3,000 | 21.09.14 | 21400892/ 29.09.14 |
| 10 | സുരേഷ്ബാബു കെ | 5,000 | 15.11.14 | 21401145/ 15.11.14 |
| 11 | പി.മോഹനൻ | 4,500 | 21.11.14 | 21401155/ 21.11.14 |
| 12 | പി.മോഹനൻ | 50,000 | 01.01.15 | 21401332/ 01.01.15 |
| 13 | മഹേഷ് ലാൽ | 8,000 | 06.02.15 | 21401507/ 02.02.15 |
| 14 | പി.പി. മോഹനൻ, ജെ.എച്ച്.ഐ | 17,500 | 04.07.16 | 970806/ 04.07.16 |
| 15 | ഗോപകുമാർ , ജെ.എച്ച്.ഐ | 20,000 | 03.08.26 | 970849/ 03.08.16 |
| 16 | പി.പി. മോഹനൻ, ജെ.എച്ച്.ഐ | 3,000 | 23.09.16 | 899903/ 23.09.16 |
| 17 | ശിവദാസ് ആറ്റുപുറം, സീ.ക്ലാർക്ക് | 50,000 | 14.10.16 | 899923/ 14.10.16 |

| | | | | |
|---|---|---|---|---|
| 18 | രഘ്യ.പി, മുനിസിപ്പൽ എഞ്ചിനീയർ | 5,00,000 | 11.11.16 | 899946/ 11.11.16 |
| 19 | അനീഷ് ബി.പി, സീ.ക്ലാർക്ക് | 50,000 | 15.02.17 | 900018/ 15.2.17 |
| 20 | ഷാജി എൻ.കെ, റവന്യൂ ഇൻസ്പെക്ടർ | 20,000 | 09.02.17 | 21600869/ 9.2.17 |
| 21 | ഗോപകുമാർ , ജെ.എച്ച്.ഐ | 20,000 | 15.3.17 | 21601134/ 15.3.17 |
| | ആകെ | 28,64,075 | | |

മൂന്ന് മാസത്തിനുള്ളിൽ ക്രമീകരിക്കാത്ത മുൻകൂറുകൾ 18% പിഴപലിശ കണക്കാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തിരിച്ചുപിടിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.അല്ലാത്തപക്ഷം സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. വിശദീകരണം ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറി_നമ്പർ 17/07.11.17-ന് മറുപടി ലഭിച്ചിട്ടില്ല.

## 3-5 കുടിവെള്ള കണക്ഷന് സബ്സിഡി നല്കിയത് - അപാകതകൾ

ഫയൽ നമ്പർ P1-14338/16

ധനകാര്യകമ്മീഷൻ ഗ്രാൻറ് 18,65,840/- രൂപയും 14,160/- രൂപ തനത് ഫണ്ടും വകയിരുത്തി തയ്യാറാക്കിയ പ്രൊജക്ട് ജനറൽ വിഭാഗത്തിന് കുടിവെള്ള കണക്ഷൻ നല്കുകയാണ് ലക്ഷ്യമിടുന്നത്. ഇതുവഴി പൊന്നാനി നഗരസഭയിലെ സമീപഭാവിയിൽ പൊതുടാപ്പുകൾ നിർത്തലാക്കാനും ഗാർഹിക കുടിവെള്ള കണക്ഷൻ പ്രോത്സാഹിപ്പിക്കുവാനും തൻമൂലം ജലദുരുപയോഗം ഒഴിവാക്കപ്പെടുകയും ചെയ്യുകയാണ് പ്രൊജക്ടുകൊണ്ട് വിഭാവനം ചെയ്യുന്നത്. ഇതിന് ഗുണഭോക്താക്കൾക്ക് 4,000/- രൂപ വീതം സബ്സിഡി നല്കുന്നു.
പദ്ധതിയിൽ ട്രഷറി ബിൽ നമ്പർ 80/31.03.17 പ്രകാരം 6,36,000/- രൂപ പിൻവലിച്ച് 159 ഗുണഭോക്താക്കൾക്ക് 4,000 രൂപ വീതം അവരുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തതായുള്ള ഒരു സ്റ്റേറ്റ്മെന്റ് ഫയലിനോടൊപ്പം സമർപ്പിച്ചിട്ടുണ്ട്.

സ.ഉ(സാധാ)1275/2009/തസ്വഭവ 30.05.2009 ഉത്തരവിൽ (ഖണ്ഡിക 7) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാ കുടുംബങ്ങൾക്കും ജലഅതോറിറ്റിയുടെ വിതരണ സംവിധാനത്തിൽനിന്നും ഗാർഹികകണക്ഷൻ ലഭ്യമാക്കുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതും ഒരു സ്കീമിന്റെ ഭാഗമായുള്ള എല്ലാ പൊതുടാപ്പുകളും ഒഴിവാക്കുകയും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാ കുടുംബങ്ങൾക്കും ഗാർഹികകണക്ഷൻ ലഭ്യമാക്കുന്നതുമായരീതിയിൽ നടപ്പാക്കുന്ന പ്രൊജക്ടുകൾക്ക് പരമാവധി ചെലവ് 4,500/- രൂപ എന്ന പരിധിക്ക് വിധേയമായി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പൂർണ്ണ സബ്സിഡിയും ദാരിദ്ര്യരേഖക്ക് താഴെയുള്ള മറ്റ് വിഭാഗങ്ങൾക്ക് 50% സബ്സിഡിയും അനുവദിക്കാവുന്നതാണ് എന്ന് വ്യക്തമാക്കുന്നു. ഈ ഉത്തരവിന് അനുബന്ധമായി 12.04.2010ലെ സ.ഉ(സാധാ) 1294/2010/തസ്വഭവ ൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്തിയ പ്രൊജക്ടുകൾക്കെല്ലാം സാധൂകരണം നല്കിയിട്ടുള്ളതുമാണ്. കൂടാതെ ജി.ഒ(എം.എസ്) 04/2016 തസ്വഭവ തിയതി 11.01.2016 ഉത്തരവ് പ്രകാരം പരിഷ്കരിച്ച സബ്സിഡി മാർഗ്ഗരേഖയിൽ സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി പൊതുവിഭാഗത്തിന് 4,000/- രൂപയും പട്ടികജാതി/പട്ടികവർഗ്ഗവിഭാഗത്തിന് 6,000/- രൂപയുമായി വർദ്ധിപ്പിച്ചിട്ടുണ്ട്.

ഫയൽ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. നോട്ട് ഫയൽ പ്രകാരം 159 ഗുണഭോക്താക്കൾക്കാണ് 4,000/- രൂപ വീതം അനുവദിക്കുന്നത്. എന്നാൽ സെക്രട്ടറി ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് 153 പേരുടേതാണ്.

2. സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടുണ്ടെങ്കിലും ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

3. ഗുണഭോക്താക്കൾ കണക്ഷൻ എടുത്ത സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറക്ക് ഓരോരുത്തർക്കും സബ്സിഡി തുക

അനുവദിക്കാവുന്നതാണ്. എന്നാൽ കണക്ഷൻ എടുത്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

4. കുടിവെള്ള ഗാർഹിക കണക്ഷൻ വാർഷിക വരുമാനം 50,000/- രൂപയിൽ താഴെയുള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. വരുമാനസർട്ടിഫിക്കറ്റ് ഹാജരാക്കാതെയാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്.

5. നഗരസഭാ കൗൺസിൽ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. മേൽ അപാകതകളുടെ വെളിച്ചത്തിൽ

ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 36/11.11.2017) മറുപടി ലഭിച്ചിട്ടില്ല. ചെലവ് തുക 6,36,000/- തടസം ചെയ്യുന്നു.

## 3-6 ചെലവ് രേഖകൾ ലഭിച്ചില്ല – തുക തടസം ചെയ്യുന്നു

താഴെ പറയുന്ന പ്രൊജക്ടുമായി ബന്ധപ്പെട്ട് സെക്രട്ടറി ചെലവഴിച്ച തുകകൾക്ക് ആധാരമായ രേഖകൾ ഓഡിറ്റിന് ലഭിച്ചിട്ടില്ല.

| ക്രമ നമ്പർ | പ്രൊജക്ട് | ഫണ്ടിനം, ചെലവഴിച്ച തുക |
|---|---|---|
| 2 | 401/17 താലൂക്ക് ആശുപത്രി കാഷ്വാലിറ്റി റീവയറിംഗ് | എം.ജി(നോൺറോഡ്) 4,75,000 |
| 8 | 442/17 എസ്.സി ഭവനനിർമ്മാണം 2016-17 പി.എം.എ.വൈ വിഹിതം നല്കൽ | വികസനഫണ്ട് (എസ്.സി.പി) 22,49,791 |
| 9 | 444/17 പി.എം.എ.വൈ വിഹിതം (ജനറൽ) | വികസനഫണ്ട് 48,44,118 |
| | ആകെ | 75,68,909 |

ഓഡിറ്റ് എൻക്വയറി നമ്പർ 01/03.11.2017നല്കിയതിൽ മറുപടി ലഭിച്ചിട്ടില്ല. ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച 7568909 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ഈ ഓഡിറ്റ് റിപ്പോർട്ട് കിട്ടിയാലുടൻ ചെലവു രേഖകൾ ഹാജരാക്കേണ്ടതാണ്.

## 3-7 ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ - അകാരണമായ കാലതാമസം

ഫയൽ നമ്പർ P1-19618/16

പ്രൊജക്ട് നമ്പർ: 89/17

നിർവ്വഹണം സെക്രട്ടറി

അടങ്കൽ 2,50,000 (വികസനഫണ്ട്)

Bill No. 56/10.3.17 27,875.00

72/31.3.17 2,22,125.00

2,50,000.00

നഗരസഭയിലെ ജൈവവൈവിധ്യങ്ങളെ സംബന്ധിച്ച് രജിസ്റ്റർ തയ്യാറാക്കുന്നതാണ് പ്രൊജക്ട്. ഇതിന് വികസനഫണ്ടിൽനിന്നും 2,50,000/- രൂപ വകയിരുത്തി പ്രൊജക്ട് തയ്യാറാക്കുകയും 30.9.16ലെ 1000/2016 /DPC/DPO/MPM നമ്പറായി ഡി.പി.സി അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കൗൺസിലർമാർക്കും കോ-ഓർഡിനേഷൻ ഫീൽഡ് വർക്കർമാർക്കും ശില്പശാല നടത്തുന്നതിനായി 01.11.2016ലെ 11-ാം നമ്പർ കൗൺസിൽ തീരുമാനമെടുത്തിട്ടുള്ളതും 20.12.16ന് ആയത് നടത്തുകയും ചെയ്തിട്ടുള്ളതാണ്. പ്രാഥമിക ചെലവുകൾക്കായി ബിൽ നമ്പർ 56/10.3.2017 പ്രകാരം 27,875/- രൂപയും ഓണറേറിയം മറ്റനുബന്ധ ചെലവുകൾക്കുമായി ബിൽ നമ്പർ 72/31.3.17 പ്രകാരം 2,22,125/- രൂപയും ട്രഷറിയിൽനിന്നും പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. രജിസ്റ്റർ തയ്യാറാക്കുന്നത് പൂർത്തിയായിട്ടില്ലാത്തതിനാൽ

ചെലവഴിക്കാൻ അവശേഷിക്കുന്ന തുക നഗരസഭാ സെക്രട്ടറിയുടെയും ചെയർമാന്റെയും സംയുക്ത അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ 4340002100005261, പഞ്ചാബ് നാഷണൽ ബാങ്ക് പൊന്നാനി) നിക്ഷേപിക്കുകയുമാണ് ചെയ്തിട്ടുള്ളത്.

ചെലവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ചെലവ് പത്രികയിൽ 2,50,000/- രൂപയാണ് ചെലവ് കാണിച്ചിട്ടുള്ളത്. എന്നാൽ 31.3.17 തീയതിയിൽ യഥാർത്ഥത്തിൽ 1,48,285/- രൂപയുടെ ചെലവേ നടത്തിയിട്ടുള്ളൂ. ഇത് വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നതല്ല.

2. വികസനഫണ്ടിൽനിന്നും തുക പിൻവലിച്ച് ഭാവിയിൽ ചെലവ് വരുമെന്ന് കണക്കാക്കി സെക്രട്ടറിയുടെയും ചെയർമാന്റെയും പേരിലുള്ള സംയുക്ത അക്കൗണ്ടിൽ നിക്ഷേപിച്ചത് ക്രമപ്രകാരമല്ല. ഓഡിറ്റ് എൻക്വയറി നമ്പർ 16/06.11.17 നല്കിയ മറുപടിയിൽ പ്രവൃത്തിയുടെ ഭാഗമായ സർവെ പൂർത്തിയാക്കുന്നതിന് കാലതാമസം നേരിട്ടതിനാലും മറ്റ് പ്രവൃത്തികളായ സ്കൈബിംഗ്, ഡാറ്റാ എൻട്രി, പ്രിന്റിംഗ് എന്നിവ മാർച്ച് 31 നകം പൂർത്തീകരിക്കാൻ സാധിക്കാതിരുന്നതിനാലും 2016-17ലെ സ്പിൽ ഓവർ പദ്ധതി 2017-18 ലേക്ക് സ്പിൽ ഓവറാക്കാൻ ജൈവവൈവിധ്യ ബോർഡിന്റെ അനുമതിയില്ലാതിരുന്നതിനാലുമാണ് അവശേഷിക്കുന്ന തുക സംയുക്ത എക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളത് എന്നും മറുപടി നല്കി. പ്രൊജക്ട് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതും ഭാവിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-8 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

താഴെ പറയുന്ന വിവിധ ആവശ്യങ്ങൾക്കായി നഗരസഭ തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങളിൽനിന്നും വിനിയോഗവിവരങ്ങൾ നാളിതുവരെയും ലഭിച്ചിട്ടില്ല.

| ക്രമ നമ്പർ | പ്രൊജക്ട്, പ്രവർത്തി | നല്കിയ തുക, ഫണ്ടിനം | സ്ഥാപനം |
|---|---|---|---|
| 1 | 183/17 എസ്.എസ്.എ വിഹിതം നല്കൽ | 38,65,000 വികസനഫണ്ട് | ജില്ലാ പ്രൊജക്ട് ഓഫീസർ,എസ്.എസ്.എ മലപ്പുറം |
| 2 | 184/17 ഐ.കെ.എം പ്രവർത്തനഫണ്ട് നല്കൽ | 3,64,018 വികസനഫണ്ട് | എക്സിക്യൂട്ടീവ് ഡയരക്ടർ, ഐ.കെ.എം, തിരുവനന്തപുരം |
| 3 | 423/17 ഡി.പി.സി കെട്ടിടത്തിന് തുക നല്കൽ | 5,00,000 വികസനഫണ്ട് | ജില്ലാ പ്ലാനിംഗ് ഓഫീസർ, മലപ്പുറം |
| | ആകെ | 47,29,018 | |

വിശദമായ വിനിയോഗവിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ്എൻക്വയറി നമ്പർ 35/11.10.17 നല്കിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. ചെലവ് തുക തടസം ചെയ്യുന്നു. ഈ ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റിയാലുടൻ തന്നെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 3-9 ഭവന നിർമ്മാണം ലക്ഷ്യം കൈവരിക്കുന്നില്ല- ലക്ഷക്കണക്കിന് രൂപ മുടങ്ങിക്കിടക്കുന്നു.

നഗരസഭയിൽ 2011-12 വർഷം മുതൽ ആവിഷ്കരിച്ച് നടപ്പാക്കിയ വിവിധ ഭവന നിർമ്മാണ പ്രൊജക്ടുകൾ പ്രകാരം കരാർ വെച്ച ഭവന നിർമ്മാണങ്ങളിൽ ഭൂരിഭാഗവും നാളിതു വരെ പൂർത്തീകരിച്ചിട്ടില്ല. പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിനും പ്രൊജക്ട് നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിനും കാര്യക്ഷമമായ നടപടികളോ ഇടപെടലോ നഗരസഭ കൈകൊണ്ടിട്ടില്ല. വർക്കിംഗ് ഗ്രൂപ്പിന്റെയും ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഈ മേഖലയിലുള്ള പ്രവർത്തനം നിഷ്ക്രിയമായിരുന്നുവെന്ന് കാണുന്നു.

2016-17 വർഷത്തിൽ, ദാരിദ്ര്യ നിർമ്മാർജ്ജന വിഭാഗം പ്രൊജക്ട് ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി ഭവന

നിർമ്മാണങ്ങൾക്ക് ഗഡുക്കൾ നൽകുന്നതിന് നഗരസഭ 1,45,85,000 രൂപ ചെലവഴിച്ചിട്ടുണ്ട്. തുക ചെലവഴിച്ച പ്രൊജക്റ്റുകളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്റ്റിന്റെ പേരും നമ്പറും | ചെലവ് തുക | ബിൽ നമ്പർ |
|---|---|---|---|
| 1 | ഭവന നിർമ്മാണം (2014-15) 2,3,4 ഗഡുക്കൾ നൽകൽ<br>പ്രൊജക്റ്റ് നമ്പർ-416 /17 | 69,92000<br>3,48,000<br>73, 40000 | 3/2016-17, 17-2-17<br>10 /2016-17, 18-3-17 |
| 2 | ഭവന നിർമ്മാണം (2015-16) 2,3,4 ഗഡുക്കൾ നൽകൽ<br>പ്രൊജക്റ്റ് നമ്പർ-415/17 | 47,06,199<br>28000<br>1385801<br>6120000 | 5 /2016-17,17-2-17<br>14/ 2016-17, 25-3-17<br>4 /16-17, 17-2-17 |
| 3 | ജവഹർലാൽ നെഹ്റു ജയന്തി ഭവന നിർമ്മാണം<br>പ്രൊജക്റ്റ് നമ്പർ-120/17 | 830000 | 1 /2016-17, 10-2-2017 |
| 4 | ഇ.എം.എസ്..ഭവന പദ്ധതി-(2011-12)<br>പ്രൊജക്റ്റ് നമ്പർ-എസ്.ഒ. 121 /17 | 295000 | 2 /2016-17, 9-3-17 |

ആകെ 1,45,85000

കുറിപ്പ്- ക്രമ നമ്പർ-1, 3 എന്നിവ പ്രകാരമുള്ള പ്രൊജക്റ്റുകൾ ഒരേ ഭവന പദ്ധതിക്ക് വേണ്ടി തയ്യാറാക്കിയതാണ്.

ക്രമ നമ്പർ-1 പ്രകാരമുള്ള ഭവന നിർമ്മാണ പദ്ധതിയുടെ പുരോഗതി വിവരം ചുവടെ കൊടുക്കുന്നു.

| എഗ്രിമെന്റ് വെച്ച ഗുണഭോക്താക്കൾ | പൂർത്തിയാക്കിയ ഘട്ടങ്ങൾ | ഗുണഭോക്താക്കളുടെ എണ്ണം | കൈപറ്റിയ തുക | റിമാർക്സ്. |
|---|---|---|---|---|
| 198 | എഗ്രിമെന്റ് മാത്രം | 57 | 20000x57= 1140000 | 175 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണ പ്രവൃത്തികൾ നാളിതു വരെ പൂർത്തീകരിക്കാത്തതിനാൽ ടി- ഗുണഭോക്താക്കൾ കൈപറ്റിയ 1,84,20000 രൂപ മുടങ്ങിക്കിടക്കുന്നു. |
| | തറ | 20 | 80000x 20=1600000 | |
| | ചുമർ | 49 | 140000x49= 6860000 | |
| | മേൽക്കൂര | 49 | 180000x49= 8820000 | |
| | വീട് നിർമ്മാണം പൂർത്തിയാക്കിയവർ (നമ്പറിംഗ് ഉൾപ്പെടെ) | 23 | 200000x23= 4600000 | |

ക്രമ നമ്പർ-2 പ്രകാരമുള്ള ഭവന നിർമ്മാണ പദ്ധതിയുടെ പുരോഗതി വിവരം ചുവടെ കൊടുക്കുന്നു.

| എഗ്രിമെന്റ് | പൂർത്തിയാക്കിയ | ഗുണഭോക്താക്കളുടെ | കൈപറ്റിയ | റിമാർക്സ്. |
|---|---|---|---|---|

| വെച്ച ഗുണഭോക്താക്കൾ | ഘട്ടങ്ങൾ | എണ്ണം | തുക | |
|---|---|---|---|---|
| 201 | എഗ്രിമെന്റ് മാത്രം | 95 | 20000x95= 1900000 | 188 ഗുണഭോക്താക്കളുടെയും ഭവനനിർമ്മാണ പ്രവൃത്തികൾ നാളിതു വരെ പൂർത്തീകരിക്കാത്തതിനാൽ ടി- ഗുണഭോക്താക്കൾ കൈപറ്റിയ 1,48,80000 രൂപ മുടങ്ങിക്കിടക്കുന്നു. |
| | തറ | 20 | 80000x 20=1600000 | |
| | ചുമർ | 44 | 140000x44= 6160000 | |
| | മേൽക്കൂര | 29 | 180000x29= 5220000 | |
| | വീട് നിർമ്മാണം പൂർത്തിയാക്കിയവർ (നമ്പറിംഗ് ഉൾപ്പെടെ) | 13 | 200000x13= 2600000 | |

ക്രമ നമ്പർ-4 പ്രകാരമുള്ള ഭവന നിർമ്മാണ പദ്ധതിയുടെ പുരോഗതി വിവരം ചുവടെ കൊടുക്കുന്നു.

| എഗ്രിമെന്റ് വെച്ച ഗുണഭോക്താക്കൾ | പൂർത്തിയാക്കിയ ഘട്ടങ്ങൾ | ഗുണഭോക്താക്കളുടെ എണ്ണം | കൈപറ്റിയ തുക | റിമാർക്സ്. |
|---|---|---|---|---|
| 228 | എഗ്രിമെന്റ് മാത്രം | 53 | 25000x53= 13,25000 | 180 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണ പ്രവൃത്തികൾ നാളിതു വരെ പൂർത്തീകരിക്കാത്തതിനാൽ ടി- ഗുണഭോക്താ ക്കൾ കൈപറ്റിയ 1,78,25000 രൂപ മുടങ്ങിക്കിടക്കുന്നു. |
| | തറ | 25 | 50000x 25=1250000 | |
| | ചുമർ | 26 | 75000x26= 1950000 | |
| | മേൽക്കൂര | 76 | 175000x76= 13300000 | |
| | വീട് നിർമ്മാണം പൂർത്തിയാക്കിയവർ (നമ്പറിംഗ് ഉൾപ്പെടെ) | 48 | 200000x48= 9600000 | |

ലക്ഷക്കണക്കിന് രൂപ മുടങ്ങിക്കിടക്കുന്നത് നഗരസഭയുടേയും ഗുണഭോക്താക്കളുടെയും ഭവന പദ്ധതിയോടുള്ള താത്പര്യമില്ലായ്മയാണ് കാണിക്കുന്നത്. മേൽക്കൂര വരെ പൂർത്തിയാക്കിയ ഗുണഭോക്താക്കളിൽ ചിലർ വീട് പണി പൂർത്തീകരിച്ചുവെങ്കിലും വീടിന്റെ വലിപ്പക്കൂടുതൽ കാരണമോ മറ്റ് സാങ്കേതിക കാരണത്താൽ നമ്പറിംഗ് അനുവദിക്കാത്തതിനാലോ അവസാന ഗഡു വാങ്ങിയിട്ടില്ലെന്ന് മനസ്സിലാകുന്നു.

പദ്ധതി നിർവ്വഹണത്തിൽ കണ്ടെത്തിയ മറ്റ് അപാകതകൾ ചുവടെ കൊടുക്കുന്നു.

1. എഗ്രിമെന്റ് വെച്ച് ഒന്നാം ഗഡു വാങ്ങി ഭവന നിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താക്കളുടെ മേൽ എഗ്രിമെന്റ്

പ്രകാരമുള്ള നിയമ നടപടികൾ സ്വീകരിച്ചിട്ടില്ല.
2. ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ഗഡുക്കളായുള്ള ധന സഹായം ക്രെഡിറ്റ് ചെയ്തതായി ട്രഷറി ഓഫീസറുടെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.
3. ഭവന നിർമ്മാണം പൂർത്തീകരിച്ച ഗുണഭോക്താക്കൾ പുതിയ വീടിന്റെ വിഷ്വൽ രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല.

4. ഓരോ ഗുണഭോക്താവിന്റെയും ഭവന നിർമ്മാണ ഘട്ടം എവിടെ വരെ എത്തി എന്നും എത്ര ഗഡു ധന സഹായം വാങ്ങിയെന്നും നിരീക്ഷിക്കാവുന്ന രീതിയിൽ ഗുണഭോക്താവിന്റെ ഫോട്ടോ പതിച്ച് വിശദാംശങ്ങൾ രേഖപ്പെടുത്തിയ റജിസ്റ്റർ നിർവ്വഹണോദ്യോഗസ്ഥൻ സൂക്ഷിച്ചിട്ടില്ല.

ഇക്കാര്യത്തിൽ വിശദീകരണമാവശ്യപ്പെട്ട് കൊണ്ട് 31/ 13-11-2017 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഭവന നിർമ്മാണങ്ങൾ പൂർത്തീകരിക്കുന്നതിന് നഗരസഭയുടെ ഭാഗത്തു നിന്നും ക്രിയാത്മകമായ ഇടപെടൽ ആവശ്യമാണ്. ഭവന നിർമ്മാണങ്ങൾ എത്രയും വേഗം പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. എഗ്രിമെന്റ് വെച്ച് വീട്ടു നിർമ്മാണം ആരംഭിക്കാത്തവരും പാതി വഴിയിൽ അവസാനിപ്പിച്ചവരുമായ ഗുണഭോക്താക്കളിൽ നിന്ന് കൈപറ്റിയ ഗഡുക്കൾ പലിശ സഹിതം തിരിച്ച് പിടിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-10 വീട് റിപ്പയർ- നിർവ്വഹണത്തിൽ അപാകത

2016-17 വർഷത്തിൽ പ്രൊജക്റ്റ് നമ്പർ-174 /17പ്രകാരം വീട് റിപ്പയർ പ്രവൃത്തിക്ക് ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രൊജക്റ്റ് ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി താഴെ കൊടുത്തിട്ടുള്ള വിധം 510 ഗുണഭോക്താക്കൾക്ക് 12000 രൂപ വീതം ധന സഹായം നൽകിയിട്ടുണ്ട്. (ഒന്നാം ഗഡു- 6000, രണ്ടാം ഗഡു -6000). പ്രൊജക്റ്റ് പ്രകാരമുള്ള ചെലവ് വിവരം ചുവടെ കൊടുക്കുന്നു.

| ബിൽ നമ്പർ | തുക | ചെലവ് വിവരം |
|---|---|---|
| 6 /16-17, 2-3-2017 | 3060000 | 510 പേർക്ക് 6000 രൂപ വീതം ഒന്നാം ഗഡു നൽകി . |
| 12 /2016-17, 21-3-17 | 3060000 | 510 പേർക്ക് 6000 രൂപ വീതം രണ്ടാം ഗഡു നൽകി . |

പ്രൊജക്റ്റ് നിർവ്വഹണ ത്തിൽ താഴെ കൊടുത്തിട്ടുള്ള അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1. ജി.ഒ.(എം.എസ്.) 4 /2016/ത.സ്വ.ഭ.വ. തിയ്യതി- 11-1-2016 നമ്പർ പദ്ധതി മാർഗ്ഗ രേഖയിൽ വാർഡ്/ ഡിവിഷൻ അടിസ്ഥനത്തിൽ ഫണ്ട് വീതം വയ്ക്കുന്നത് ഒഴിവാക്കി തദ്ദേശ സ്വയം ഭരണ സ്ഥാപനത്തെ മൊത്തത്തിൽ ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കണമെന്ന് സർക്കാർ വ്യക്തമാക്കിയിരുന്നു. എന്നാൽ മേൽ പ്രൊജക്റ്റ് പ്രകാരമുള്ള ധന സഹായത്തിന് ഓരോ വാർഡിൽ നിന്നും ഗുണഭോക്തൃ ലിസ്റ്റിലെ മുൻഗണനാ ക്രമത്തിലുള്ള ആദ്യത്തെ 10 ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ഇപ്രകാരം ഓരോ വാർഡിലും 10 പേർക്ക് വീതം വെച്ച് ധന സഹായം നൽകിയതിനാൽ 80 മാർക്ക് കിട്ടിയ പല ഗുണഭോക്താക്കൾക്കും ധനസഹായം കിട്ടാതെ വരികയും 60, 65, 70 മാർക്കുകൾ കിട്ടിയവർക്ക് ധന സഹായം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

ഉദാ- വാർഡ്-23-ൽ 60,65 മാർക്ക് കിട്ടിയ 3 പേർക്കും വാർഡ്- 17-ൽ 60 മാർക്ക് കിട്ടിയ 3 പേർക്കും വാർഡ് -27-ൽ 60 മാർക്കുള്ള 10 പേർക്കും ധന സഹായം നല്കി. എന്നാൽ വാർഡ്- 16-ൽ 80 മാർക്ക് കിട്ടിയ 3 പേർക്ക് ധന സഹായം ലഭിക്കാതെ പോയി. ഇത് പന്ത്രണ്ടാം പദ്ധതിയുടെ പൊതു സമീപനത്തിന് നിരക്കുന്നതല്ല.

2. ഓരോ വീടിന്റെയും അറ്റകുറ്റപ്പണിക്ക് എസ്റ്റിമേറ്റ് ഉടമസ്ഥൻ തയ്യാറാക്കേണ്ടതാണ്. എന്നാൽ ഗുണഭോക്താക്കൾ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

3. പുതിയ വീട് നിർമ്മിച്ച് 12 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ ഈ ആനുകൂല്യത്തിന് അർഹതയുള്ളൂ. എന്നാൽ വീടിന്റെ പഴക്കം സംബന്ധിച്ച സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

പദ്ധതി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-11 ഭവന പുനരുദ്ധാരണം - ഓട് മേയൽ-സബ്സിഡി പരിധിയിൽ അധികരിച്ച് ധന സഹായം നൽകി

ജി.ഒ.(എം.എസ്.) 4 /2016/ത.സ്വ.ഭ.വ. തിയ്യതി- 11-1-2016 നമ്പർ പദ്ധതി മാർഗ്ഗ രേഖയിൽ, പൊതു വിഭാഗത്തിന് വീട് പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് വ്യക്തിഗത സബ്സിഡി നൽകാവുന്നത് 25000 രൂപയാണ്. മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കാൻ പരമാവധി 20000 രൂപ സബ്സിഡിയും നൽകാവുന്നതാണ്. മറ്റേതെങ്കിലും ഇനം പ്രവൃത്തിക്ക് സബ്സിഡി നൽകുന്നതിന് മാർഗ്ഗരേഖ അനുവദിക്കുന്നില്ല. മാർഗ്ഗ രേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഇനത്തിനോ ഓരോ ഇനത്തിനും പറഞ്ഞിട്ടുള്ളതിൽ അധികരിച്ച നിരക്കിലോ തുകയിലോ സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്നും അനുമതി ലഭിച്ച ശേഷമേ പ്രൊജക്റ്റ് തയ്യാറാക്കാവൂ എന്നും മേൽ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചതാണ്.

എന്നാൽ 2016-17 വർഷത്തിൽ ഭവന പുനരുദ്ധാരണം- ഓട് മേയൽ എന്ന പ്രൊജക്റ്റ് പ്രകാരം (പ്രൊജക്റ്റ് നമ്പർ-175 /17) 51 ഗുണഭോക്താക്കൾക്ക് 39215 രൂപവീതം ധന സഹായം അനുവദിച്ചിട്ടുണ്ട്. (ഒന്നാം ഗഡു- 19608, രണ്ടാം ഗഡു -19607). പ്രൊജക്റ്റ് പ്രകാരമുള്ള ചെലവ് വിവരം ചുവടെ കൊടുക്കുന്നു.

| ബിൽ നമ്പർ | തുക | ചെലവ് വിവരം |
|---|---|---|
| 11/16-17, 20-3-2017 | 1000008 | 51 പേർക്ക് 19608 രൂപ വീതം ഒന്നാം ഗഡു നൽകി . |
| 8/2016-17, 6-3-17 | 999957 | 51 പേർക്ക് 19607രൂപ വീതം രണ്ടാം ഗഡു നൽകി . |

51 വാർഡിലേയും ഗുണഭോക്തൃ പട്ടികയിലെ മുൻഗണനാ ക്രമമനുസരിച്ചുള്ള ആദ്യത്തെ ഗുണഭോക്താവിന് ധന സഹായം നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. എന്നാൽ 1,6,9,28,31 എന്നീ വാർഡുകളിൽ നിന്ന് ആർക്കും ധന സഹായം നൽകിയിട്ടില്ല. പകരം 7,14,42,43,45 എന്നീ വാർഡുകളിൽ നിന്ന് രണ്ട് പേർക്ക് വീതം ധന സഹായം നൽകിയിട്ടുണ്ട്. പൊതു വിഭാഗത്തിന് ഭവന പുനരുദ്ധാരണത്തിന് മേൽ മാർഗ്ഗരേഖ പ്രകാരം പരമാവധി സബ്സിഡി നൽകാവുന്നത് 25000 രൂപയാണ്. സബ്സിഡി നിരക്കിനേക്കാൾ അധികരിച്ച നിരക്കിൽ (39215 രൂപ വീതം) ധന സഹായം നൽകിയത് വഴി ഓരോ ഗുണഭോക്താവിനും 14215 രൂപ അധികം നൽകിയിട്ടുണ്ട്. ഇക്കാരണത്താൽ നഗരസഭ ഫണ്ടിന് 7,24,965രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

അധികരിച്ച സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതിയോ പ്രത്യേകാനുമതിയോ വാങ്ങിയിട്ടുണ്ടെങ്കിൽ അക്കാര്യം ഓഡിറ്റിനെ ബോധിപ്പിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് നൽകിയ 33 /13-11-2017 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാരണത്താൽ സഗരസഭാ ഫണ്ടിനുണ്ടായ അധിക ചെലവ് 7,24,965 രൂപ ഉത്തരവാദിയായ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രൊജക്റ്റ് ഓഫീസറുടെ ബാദ്ധ്യതയായി കണക്കാക്കുന്നു.

## 3-12 മരുന്ന് മുഴുവനായും ലഭ്യമായില്ല

അലോപ്പതി മെഡിക്കൽ ഓഫീസർ(സൂപ്രണ്ട്,THQH) നിർവ്വഹണം നടത്തിയ വിവിധ പ്രോജക്റ്റുകളുടെ ഭാഗമായി മരുന്ന് വിതരണം ചെയ്യുന്നതിനായി KMCL-നു താഴെ കാണും പ്രകാരം തുക മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റി നാളിത് വരെ മരുന്ന് ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രൊജക്റ്റ് പേര്/നമ്പർ | ബിൽനമ്പർ/ തീയതി | തുക |
|---|---|---|
| മരുന്ന് വാങ്ങൽ SOO95/17 (പ്രൈമറി) | 18/16-17/ 17-03-17 | 4,29,800 |
| മരുന്ന് വാങ്ങൽ S0099/17(സെക്കണ്ടറി) | 17/16-17 /17-03-17 | 49,942 |
| പെയിൻ &പാലിയേറ്റീവ് സെന്ററിലേക്ക് മരുന്ന് വാങ്ങൽ SOO100/17 | 1.10/16-17 /22-02-17<br>2.15/16-17 | 851357<br>148458 |

| | | |
|---|---|---|
| | /13-03-17 | |
| ഡയാലിസിസ് കേന്ദ്രത്തിലേക്ക് മരുന്ന്,ശസ്ത്രക്രിയോപകരണങ്ങൾ SOO103/17 | 22/16-17 /24-03-17 | 298814 |
| പരിരക്ഷ-വൃദ്ധരോഗികൾക്ക് ഉപകരണം SOO100/17 | 6/16-17 /18-02-17 | 133883 |
| | ആകെ | 1912254 |

അപാകതയുടെ വെളിച്ചത്തിൽ ചെലവ് തുക 1912254 തടസത്തിൽ വെക്കുന്നു.
എത്രയും വേഗത്തിൽ മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 പെർഫോർമൻസ് സെക്യൂരിറ്റികൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282 (6) അനുസരിച്ച് പൊതുമരാമത്ത് പ്രവൃത്തികളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ ആയത് തിരിച്ച് കൊടുക്കേണ്ട തീയ്യതി മുതൽ മൂന്ന് വർഷത്തിനുള്ളിൽ തിരികെ വാങ്ങിയില്ലെങ്കിൽ കാലഹരണപ്പെടുന്നതും, പ്രസ്തുത നിക്ഷേപങ്ങൾ മുനിസിപ്പൽ ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതുമാണ്. ഈ ചട്ടത്തിലന്റെ വെളിച്ചത്തിൽ നഗരസഭാ ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്ന ഡെപ്പോസിറ്റുകളുടെ വിവരം പരിശോധിക്കുന്നതിനും, പെർഫോർമൻസ് സെക്യൂരിറ്റികൾ സൂക്ഷിക്കുന്നതിന്റെ കൃത്യത പരിശോധിക്കുന്നതിനും വേണ്ടി, 2016-17 ലും അതിന് മുമ്പുള്ള വർങ്ങളിലും മരാമത്ത് പ്രൊജക്ടുകളുടെ കരാർ എടുത്ത കരാറുകാർ സമർപ്പിച്ചിട്ടുള്ളതും ഇനിയും തിരിച്ച കൊടുക്കുവാൻ അവശേഷിക്കുന്നതുമായ പെർഫോർമൻസ് സെക്യൂരിറ്റി ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റുകളും, ആയതിന്റെ നിരീക്ഷണ രജിസ്റ്ററും പരിശോധനക്ക് ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നം.23/9.11.17 പ്രകാരം ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇതിന് അസിസ്റ്റന്റ് എഞ്ചിനീയർ 13.11.17 ന് ലഭ്യമാക്കിയ മറുപടിയിൽ, തുടർച്ചയായ സ്ഥലം മാറ്റം നിമിത്തം, എഞ്ചിനീയറിംഗ് വിഭാഗത്തിലെ ബന്ധപ്പെട്ട സെക്ഷനിൽ ചാർജ് കൈമാറുന്ന വിഷയത്തിൽ ഏറെ പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ടെന്നും, ആയത് പരിഹരിച്ചാൽ ഉടൻ ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കുമെന്നുമാണ് അറിയിച്ചിട്ടുള്ളത്.

31.3.17 വരെ കരാർ വച്ച പ്രൊജക്ടുകളുടെ പെർഫോർമൻസ് സെക്യൂരിറ്റികളും നിരീക്ഷണ രജിസ്റ്ററുമാണ് പരിശോധനക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നത്. സെക്യൂരിറ്റി ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റുകളും നിരീക്ഷണ രജിസ്റ്ററും യഥാവിധി സൂക്ഷിച്ചിരുന്നുവെങ്കിൽ, ഓഡിറ്റ് സമയത്തെ (30.10.17 – 13.11.17) സ്ഥലം മാറ്റങ്ങളും, രേഖ കൈമാറ്റലുകളും 31.3.17 വരെയുള്ള രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കുന്നതിന് ഒരു രീതിയിലും ബാധിക്കുമായിരുന്നില്ല. ഇത് ഓഡിറ്റിൽ ആവശ്യപ്പെട്ട രേഖകൾ യഥാവിധി സൂക്ഷിച്ചിട്ടില്ല എന്നാണ് കാണിക്കുന്നത് (ചില പ്രൊജക്ടുകളുടെ ഫയലിൽ തന്നെ പ്രസ്തുത പ്രൊജക്ടുകളുടെ പെർഫോർമൻസ് സെക്യൂരിറ്റി ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റുകൾ കണ്ടിട്ടുണ്ട്. സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ സൂക്ഷിക്കുന്നതിന് കൃത്യമായ രീതി എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിലവിലില്ലെന്ന് ഇതിൽ നിന്നും ബോധ്യമായിട്ടുണ്ട്). ആയതിനാൽ മുനിസിപ്പൽ എഞ്ചിനീയറുടെ മറുപടി സ്വീകാര്യമല്ല. ഓഡിറ്റിൽ ആവശ്യപ്പെട്ട രേഖകൾ പരിശോധനക്ക് ഹാജരാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഈ വിഷയം നഗരസഭാ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 3-14 അളവെടുത്തതിലെ അപാകത കാരണം 14071 രൂപയുടെ അധികച്ചിലവ് വന്നു

ഫയൽ നം : ഇ1/1420/16

പ്രൊജക്റ്റ് നം : 32/17

അടങ്കൽ : 900000.00 (ധ.ക.ഗ്ര)

ചെലവ് : 746196.00

ബിൽ നം.51/22.3.17

എം.ബുക്ക് : 61/16-17

സുകമാരന്റെ വീടിന് അടുത്ത്, ചിരട്ടക്കുളത്തിന് അടുത്ത്, മദ്രസക്ക് വലതു ഭാഗത്തും ഇടതു ഭാഗത്തും എന്നീ

സ്ഥലങ്ങളിൽ കോൺക്രീറ്റ് ഉപയോഗിച്ച് ഫുട്പാത്ത്/റോഡ് റോഡ് നിർമ്മിക്കുന്നതിനാണ് പ്രൊജക്ട് നിർവ്വഹിച്ചിട്ടുള്ളത്.

ഈ പ്രൊജക്ട് 6.11.17 ന് നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ ഭൗതിക പരിശോധനക്ക് വിധേയമാക്കി സുകുമാരന്റെ വീടിനടുത്ത് ഫുട്പാത്ത് നിർമ്മിച്ചതിന്റെ അളവെടുത്തപ്പോൾ, യഥാർത്ഥത്തിൽ റോഡ് നിർമ്മിച്ചതിലും 7.8 മീറ്റർ അധികം നീളം അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയതയി കണ്ടു. വിശദാംശങ്ങൾ താഴെ പറയുന്നു.

| അളവ് പുസ്തകം അനുസരിച്ച് അളവ് (നീളം) | | പരിശധനയിൽ കണ്ടത് | |
|---|---|---|---|
| 1 | 20.00 | 1 | 20.00 |
| 1 | 3.00 | 1 | 3.00 |
| 1 | 5.40 | 1 | 5.40 |
| 1 | 20.00 | 1 | 20.00 |
| 1 | 2.00 | 1 | 2.00 |
| 1 | 21.00 | 1 | 21.00 |
| 1 | 17.60 | 1 | 14.80 |
| 1 | 5.80 | 1 | 6.80 |
| 1 | 6.00 | - | - |
| ആകെ | 100.80 (മീറ്റർ) | | 93.00(മീറ്റർ) |

അളവെടുത്തതിലുള്ള മേല്പറഞ്ഞ വ്യത്യാസം കാരണം കരാറുകാരന് താഴെ പറഞ്ഞ ഇനം പ്രവൃത്തികളിൽ അധികം തുക നൽകാൻ ഇടയായിട്ടുണ്ട്.

| ഇനം.2:-ക്വാറി ഫില്ലിംഗ്<br>അനുവദിച്ച തുക (സുകുമാരന്റെ വീട്) | അനുവദിക്കാവുന്നത് |
|---|---|
| 30.34എം3x1262/m3=38289.08x16.90% കുറവ് =31818.22 രൂപ | 30.34 (-) 7.8x(1.9+1.6)/2x0.10 = 28.98<br>28.98x1262=36572.76x16.90% കുറവ് =30391.36 |
| ഇനം.3:- cc 1:3;6, 40mm മെറ്റൽ<br>38.57m3x7422.47/m3=286284.67x16.90% കുറവ് =237902.56 രൂപ | 38.57 (-) 7.8x(1.9+1.6)/2x0.15 = 36.52<br>36.52x7422.47=271068.60x16.9%കുറവ്=225258.00 രൂപ |

അധികം നൽകാൻ ഇടയായ തുക = 14071.00 രൂപ ( 31818.22-30391.36=1426.86, 237902.56-225258.00=12644, 1426.86+ 12644.56 = 14071.00).

മേൽ അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.26/9.11.17 പ്രകാരം വിശദീകരണം ആരാഞ്ഞിരുന്നു. ഇതിന് 13.11.17 ന് ലഭ്യമാക്കിയ മറുപടിയിൽ അപാകത ആവർത്തിക്കില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ അധികം നൽകിയ 14071.00 രൂപ പ്രവൃത്തിയുടെ അളവെടുത്ത എഞ്ചിനീയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നു. ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

## 3-15 ആദായ നികുതി കുറഞ്ഞ നിരക്കിൽ ഈടാക്കി

1961ലെ ആദായ നികുതി നിയമം സെക്ഷൻ 194(സി) (ഭേദഗതിചെയ്യപ്പെട്ടത്) അനുസരിച്ച് 1.4.2010 മുതൽ വ്യക്തികൾ/ഹിന്ദു കൂട്ടു കുടുംബം ആയ കരാറുകാരിൽ നിന്നും പ്രവൃത്തി മൂല്യത്തിന്റെ 1% നിരക്കിലും, മറ്റുള്ളവരിൽ നിന്നും 2% നിരക്കിലും ആദായ നികുതി ഈടാക്കണം. ഗുണഭോക്തൃ കമ്മിറ്റികൾ വ്യക്തികൾ അല്ലാത്തതിനാൽ, ഗുണഭോക്തൃ കമ്മിറ്റികൾ നിർവ്വഹിച്ച പ്രൊജക്ടുകളിൽ നിന്നും പ്രവൃത്തി മൂല്യത്തിന്റെ 2% ആദായ നികുതി പിടിച്ച് കൺവീനറുടെ പേരിൽ ടി.ഡി.എസ് അടയ്ക്കണം. എന്നാൽ തൻവർഷം നഗരസഭ ഗുണഭോക്തൃ സമിതി മുഖേനെ നിർവ്വഹിച്ച താഴെ പറഞ്ഞ പ്രൊജക്ടുകളുടെ കൺവീനർമാരിൽ നിന്നും 1% നിരക്കിൽ മാത്രമാണ് ആദായ നികുതി പിടിച്ചിട്ടുള്ളത്.

| ക്രമ നം. | പ്രൊജക്ടിന്റെ വിവരം | 2% നിരക്കിൽ ഈടാക്കേണ്ടിയിരുന്ന ആദായ നികുതി | 1% നിരക്കിൽ ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|
| 1 | പ്രൊജക്ട് : 4/17, കളത്തും പടി നാണുവിന്റെ വീടിന് സമീപം നടപ്പാത<br>അടങ്കൽ : 250000.00 (ധ.ക.ഗ്ര)<br>ചെലവ് : 249125.00<br>ബിൽ നം.19/14.12.16 | 4700.00 | 2350.00 | 2350.00 |
| 2 | പ്രൊജക്ട് : 387/17, പന്നിക്കാവിൽ സൈതലവിയുടെ വീട്ടിലേക്കുള്ള നടപ്പാത<br>അടങ്കൽ : 220000.00 (ധ.ക.ഗ്ര)<br>ചെലവ് : 219104.00<br>ബിൽ നം.10/31.3.17 | 4382.00 | 2191.00 | 2191.00 |
| 3 | പ്രൊജക്ട് : 307/17, കീഴില്ലത്ത് കോളനി റോഡ് കോൺക്രീറ്റിംഗ്<br>അടങ്കൽ : 50000.00<br>ചെലവ് : 48301.00<br>ബിൽ നം.130/31.3.17 | 966.00 | 483.00 | 483.00 |
| 4 | പ്രൊജക്ട് : 309/17, ശ്മശാനം ബ്ലൂ ബേസ് റോഡ് കോൺക്രീറ്റിംഗ്<br>അടങ്കൽ : 82000.00<br>ചെലവ് : 82000.00<br>ബിൽ നം.126/31.3.17 | 1640.00 | 820.00 | 820.00 |
| 5 | പ്രൊജക്ട് : 308/17, ചെന്താര കുഞ്ഞിമോൻ റോഡ് കോൺക്രീറ്റിംഗ്<br>അടങ്കൽ : 162000.00<br>ചെലവ് : 136591.00<br>ബിൽ നം.132/31.3.17 | 2732.00 | 1366.00 | 1366.00 |
| 6 | പ്രൊജക്ട് : 366/17, ചാലിയിൽ ഫുട്പാത്ത് കോൺക്രീറ്റിംഗ് | 1980.00 | 990.00 | 990.00 |

| | | | | |
|---|---|---|---|---|
| | അടങ്കൽ : 100000.00<br>ചെലവ് : 99031.00<br>ബിൽ നം.115/31.3.17 | | | |
| 7 | പ്രൊജക്റ്റ് : 332/17, കളിയാത്ത് ഖാലിദ് പരിസരം വരെ നടപ്പാത<br>അടങ്കൽ : 86000.00<br>ചെലവ് : 82718.00<br>ബിൽ നം.137/31.3.17 | 1654.00 | 827.00 | 827.00 |
| 8 | പ്രൊജക്റ്റ് : 349/17, കാന്റീൻ റിപ്പെയറിംഗ്<br>അടങ്കൽ : 498000.00<br>ചെലവ് : 469375.00<br>ബിൽ നം.132/31.3.17 | 9388.00 | 4694.00 | 4694.00 |
| 9 | പ്രൊജക്റ്റ് : 259/17, ഉസ്മാൻ ഹാജി വടക്കെ ഭാഗം റോഡ് നിർമ്മാണം<br>അടങ്കൽ : 235000.00<br>ചെലവ് : 234393.00<br>ബിൽ നം.138/31.3.17 | 4688.00 | 2344.00 | 2344.00 |
| 10 | പ്രൊജക്റ്റ് : 251/17, പുല്ലോണത്ത് അത്താണി റോഡിൽ നിന്നും നടപ്പാത<br>അടങ്കൽ : 265000.00<br>ചെലവ് : 265000.00<br>ബിൽ നം.73/31.3.17 | 5300.00 | 2650.00 | 2650.00 |
| 11 | പ്രൊജക്റ്റ് : 321/17, ഹിദായത്ത് കോളനി റോഡ് കോൺക്രീറ്റിംഗ്<br>അടങ്കൽ : 200000.00<br>ചെലവ് : 137574.00<br>ബിൽ നം.79/31.3.17 | 2752.00 | 1376.00 | 1376.00 |
| 12 | പ്രൊജക്റ്റ് : 331/17, മണിയാർക്കോട് വാസുവീട് പരിസരം നടപ്പാത<br>അടങ്കൽ : 85000.00<br>ചെലവ് : 85000.00<br>ബിൽ നം.140/31.3.17 | 1700.00 | 850.00 | 850.00 |

| | | | | |
|---|---|---|---|---|
| 13 | പ്രൊജക്റ്റ് : 289/17, അണ്ടിയം പറമ്പിൽ ദേവയാനി വീട്ടു മുതൽ തൈവളപ്പിൽ റഹീമ വീട് വരെ കോൺക്രീറ്റിംഗ്<br>അടങ്കൽ : 86000.00<br>ചെലവ് : 82410.00<br>ബിൽ നം.113/31.3.17 | 1648.00 | 82400 | 824.00 |
| 14 | പ്രൊജക്റ്റ് : 295/17, കോരവളപ്പ് റോഡ് കോൺക്രീറ്റിംഗ്<br>അടങ്കൽ : 115000.00<br>ചെലവ് : 114408.00<br>ബിൽ നം.93/31.3.17 | 2288.00 | 1144.00 | 1144.00 |
| 15 | പ്രൊജക്റ്റ് : 300/17, മുറാദ് ചിക്കൻ സെന്റർ റോഡ് പൂർത്തീകരണം<br>അടങ്കൽ : 180000.00<br>ചെലവ് : 180000.00<br>ബിൽ നം.85/31.3.17 | 3600.00 | 1800.00 | 1800.00 |
| 16 | പ്രൊജക്റ്റ് : 233/17, ഫാം റോഡ് പൂർത്തീകരണം<br>അടങ്കൽ : 475000.00<br>ചെലവ് : 474880.00<br>ബിൽ നം.123/31.3.17 | 9496.00 | 4748.00 | 4748.00 |
| 17 | പ്രൊജക്റ്റ് : 299/17, തേവർ ക്ഷേത്രം റോഡ്<br>അടങ്കൽ : 45000.00<br>ചെലവ് : 38013.00<br>ബിൽ നം.80/31.3.17 | 760.00 | 380.00 | 380.00 |
| 18 | പ്രൊജക്റ്റ് : 245/17, പുന്നതിരുത്തി അംഗൻവാടിക്ക് പിൻവശത്തെ റോഡ്<br>അടങ്കൽ : 140000.00<br>ചെലവ് : 139181.00<br>ബിൽ നം.82/31.3.17 | 2784.00 | 1392.00 | 1392.00 |
| 19 | പ്രൊജക്റ്റ് : 365/17, രണ്ടാം | 1552.00 | 776.00 | 776.00 |

| | | | | |
|---|---|---|---|---|
| | നമ്പർ അംഗൻവാടി റോഡ് കോൺക്രീറ്റിംഗ്<br>അടങ്കൽ : 78200.00<br>ചെലവ് : 77618.00<br>ബിൽ നം.135/31.3.17 | | | |
| 20 | പ്രൊജക്ട് : 319/17, AILCസിദ്ദിഖ് ഇടവഴി കോൺക്രീറ്റിംഗ്<br>അടങ്കൽ : 178000.00<br>ചെലവ് : 167363.00<br>ബിൽ നം.75/31.3.17 | 3348.00 | 1674.00 | 1674.00 |
| 21 | പ്രൊജക്ട് : 316/17, പാലക്ക ഇടവഴി കിണർ റോഡ് കോൺക്രീറ്റിംഗ്<br>അടങ്കൽ : 250000.00<br>ചെലവ് : 249090.00<br>ബിൽ നം.68/31.3.17 | 4982.00 | 2491.00 | 2491.00 |
| 22 | പ്രൊജക്ട് : 252/17, MG നഗർ ഫുട് പാത്ത് കോൺക്രീറ്റിംഗ്<br>അടങ്കൽ : 175000.00<br>ചെലവ് : 172201.00<br>ബിൽ നം.89/31.3.17 | 344400 | 1722.00 | 1722.00 |
| 23 | പ്രൊജക്ട് : 281/17, MIUPസ്കൂൾ റോഡ് കോൺക്രീറ്റിംഗ്<br>അടങ്കൽ : 377000.00<br>ചെലവ് : 377000.00<br>ബിൽ നം.140/31.3.17 | 7540.00 | 3770.00 | 3770.00 |
| 24 | പ്രൊജക്ട് : 333/17, ITC റോഡിൽ നിന്നും മമ്പാട് കേശവന്റെ വീട് പരിസരം വരെ നടപ്പാത<br>അടങ്കൽ : 135000.00<br>ചെലവ് : 135000.00<br>ബിൽ നം.110/31.3.17 | 2700.00 | 1350.00 | 1350.00 |
| 25 | പ്രൊജക്ട് : 335/17, മൊയ്തുമോൻ തെക്ക് | 3976.00 | 1988.00 | 1988.00 |

| | | | | |
|---|---|---|---|---|
| | ഇടവഴി കോൺക്രീറ്റിംഗ്<br>അടങ്കൽ : 200000.00<br>ചെലവ് : 198819.00<br>ബിൽ നം.59/30.3.17 | | | |
| 26 | പ്രൊജക്റ്റ് : 280/17, ബീബാത്തുട്ടി റോഡ് കോൺക്രീറ്റിംഗ്<br>അടങ്കൽ : 375000.00<br>ചെലവ് : 373173.00<br>ബിൽ നം.67/30.3.17 | 7464.00 | 3732.00 | 3732.00 |
| 27 | പ്രൊജക്റ്റ് : 298/17, കണ്ടം പറമ്പ് കാവ് ക്ഷേത്രം റോഡിൽ നിന്നും ആട്ടെ പറമ്പിൽ കുഞ്ഞിരാമന്റെ വീട് വരെ കോൺക്രീറ്റിംഗ്<br>അടങ്കൽ : 4700000.00<br>ചെലവ് : 407794.00<br>ബിൽ നം.121/31.3.17 | 8156.00 | 4078.00 | 4078.00 |
| 28 | പ്രൊജക്റ്റ് : 327/17, ലൈറ്റ് ഹൗസ് റോഡിൽ നിന്നും ഫിഷറീസ് സ്കൂൾ വരെ കോൺക്രീറ്റിംഗ്<br>അടങ്കൽ : 110000.00<br>ചെലവ് : 110000.00<br>ബിൽ നം.90/31.3.17 | 2200.00 | 1100.00 | 1100.00 |
| 29 | പ്രൊജക്റ്റ് : 350/17, നഴ്സിംഗ് ഹോം ചെറിയ ജാറം റോഡ് ഇന്റർ ലോക്കിംഗ<br>അടങ്കൽ : 269259.00<br>ചെലവ് : 269259.00<br>ബിൽ നം.55/30.3.17 | 5386.00 | 2693.00 | 2693.00 |
| 30 | പ്രൊജക്റ്റ് : 323/17, അമ്പലത്ത് വീട്ടിൽ ഹംസയുടെ വീട് പരിസരം കോൺക്രീറ്റിംഗ്<br>അടങ്കൽ : 309762.00<br>ചെലവ് : 309762.00<br>ബിൽ നം.38/30.3.17 | 6196.00 | 3098.00 | 3098.00 |

| | | | | |
|---|---|---|---|---|
| 31 | പ്രൊജക്ട് : 225/17, പതിയാരത്ത് അമ്പലം ഫുട്പാത്ത്<br>അടങ്കൽ : 212000.00<br>ചെലവ് : 205924.00<br>ബിൽ നം.92/31.3.17 | 4118.00 | 2059.00 | 2059.00 |
| 32 | പ്രൊജക്ട് : 325/17, മീൻ തെരുവ് റോഡ് കോൺക്രീറ്റിംഗ്<br>അടങ്കൽ : 475000.00<br>ചെലവ് : 474892.00<br>ബിൽ നം.86/31.3.17 | 9498.00 | 4749.00 | 4749.00 |
| 33 | പ്രൊജക്ട് : 315/17, നാലാം കല്ല് പടിഞ്ഞാറ് ഇടവഴി കോൺക്രീറ്റിംഗ്<br>അടങ്കൽ : 309134.00<br>ചെലവ് : 309134.00<br>ബിൽ നം.60/30.3.17 | 6182.00 | 3091.00 | 3091.00 |
| ആകെ | | | | 69600.00 |

കുറവ് വന്ന തുക കൺവീനർമാരിൽ നിന്നും ഈടാക്കി ആദായ നികുതി വകുപ്പിൽ അടവാക്കി ചെലാൻ രേഖകൾ ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്. ആയതിന് വീഴ്ചയുണ്ടായാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിശ്ചയിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## 3-16 ഈശ്വരമംഗലം ഐ.എ.എസ് അക്കാദമിയിൽ ടോയ്‌ലറ്റ് നിർമ്മാണം - സർക്കാർ അനുമതി വാങ്ങിയിട്ടില്ല

നഗരസഭാ പ്രദേശത്ത് പ്രവർത്തിക്കുന്ന ഈശ്വര മംഗലം I.A.S അക്കാദമി എന്ന സ്ഥാപനത്തിൽ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ഹോസ്റ്റലുകളിൽ ടോയ്‌ലറ്റ് ബ്ലോക്കുകൾ സ്ഥാപിക്കുന്നതിന് താഴെ പറഞ്ഞ രണ്ട് പ്രൊജക്ടുകൾ തൻ വർഷം നിർവ്വഹിച്ചിട്ടുണ്ട്.

| | | |
|---|---|---|
| ഫയൽ നം<br>പ്രൊജക്ട് നം<br>അടങ്കൽ<br>ചെലവ് | ഇ1/2189/17<br>430/17 (ബോയ്സ്)<br>425000.00 (ധ.ക.ഗ്ര)<br>425000.00<br>ബിൽ നം.116/31.3.17 | ഇ1/2184/16<br>425/17 (ഗേൾസ്)<br>425000.00 (ധ.ക.ഗ്ര)<br>419220.00<br>ബിൽ നം.108/31.3.17 |

തിരുവനന്തപുരം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ എന്ന സ്വയം ഭരണ സ്ഥാപനത്തിന്റെ പൊന്നാനി പ്രാദേശിക കേന്ദ്രമാണ് ഈ അക്കാദമി. ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ വാടകക്കാണ് അക്കാദമി പ്രവർത്തിക്കുന്നത്. സമൂഹത്തിന്റെ പൊതുവായ നന്മ ലക്ഷ്യമാക്കി, സർക്കാരിന് കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്വയം ഭരണ സ്ഥാപനമാണ് ഇത് എന്നിരുന്നാലും, ഈ അക്കാദമിക്കാവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കുക എന്നത് നഗരസഭയുടെ ചുമതലയിൽ പെടാത്ത കാര്യമാണ്. അതിനാൽ, മേൽപ്പറഞ്ഞ പ്രൊജക്ടുകൾ നിർവ്വഹിക്കുന്നതിന് മുമ്പ് സർക്കാരിന്റെ മുൻകൂർ അനുമതി

വാങ്ങേണ്ടതായിരുന്നു. എന്നാൽ അനുമതി വാങ്ങിയിട്ടില്ല. ഈ അപാകതയുടെ വെളിച്ചത്തിൽ, രണ്ട് പ്രൊജക്ടുകൾക്കുമായി ആകെ ചെലവ് ചെയ്ത 844220.00 രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-17 മുനിസിപ്പൽ എഞ്ചിനീയറുടെ അക്കൗണ്ടിൽ ഭീമമായ തുക നീക്കിയിരിപ്പായി അവശേഷിക്കുന്നു

നോൺ ബാങ്കിംഗ് ട്രഷറിയിൽ നിന്നും ലഭിക്കുന്ന ബിൽ തുകകൾ നിക്ഷേപിച്ച് ഡി.ഡി എടുക്കുന്നതിന്/അക്കൗണ്ട് ട്രാൻസ്ഫർ ചെയ്യുന്നതിന് മുൻസിപ്പൽ എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ യുടെ പൊന്നാനി ബ്രാഞ്ചിൽ ആരംഭിച്ചിട്ടുള്ള 67103971015 അക്കൗണ്ടിൽ 31.3.17ന് താഴെ പറയും പ്രകാരം 3697725.00 രൂപ നീക്കിയിരിപ്പുണ്ട്.

22.6.16ന് നീക്കിയിരിപ്പുള്ള തുക -- 3391648.50+

തൻ വർഷത്തെ നിക്ഷേപം

ബില്ലുകൾ മാറിയ തുക -- 9022756.00

പലിശ വരവ് -- 136039.00

ആകെ -- 12550443.50 -

തൻ വർഷം പിൻവലിച്ച തുക -- 8852718.00

നീക്കിയിരിപ്പ് -- 3697725.50

ഈ അക്കൗണ്ടിൽ വൻ തുക നീക്കിയിരിപ്പായി അവശേഷിക്കുന്നതിനെ സംബന്ധിച്ച് 2015-16വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിട്ടുണ്ട്. ട്രഷറിയിൽ നിന്നും ലഭിക്കുന്ന പണം വിവിധ ഇടപാടുകാർക്ക് നൽകുന്നതിന് ആരംഭിക്കുന്ന ഇത്തരം അക്കൗണ്ടുകളിൽ ഓരോ മാസവും നിക്ഷേപിക്കുന്ന തുക തൻ മാസം തന്നെ പ്രസ്തുത അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതാണ്. യാതൊരു കാരണവശാലും ഒരു സാമ്പത്തിക വർഷത്തിൽ മാറിയെടുത്ത ബിൽ തുക അടുത്ത സാമ്പത്തിക വർഷത്തിൽ ഇത്തരം അക്കൗണ്ടുകളിൽ സൂക്ഷിക്കരുതെന്ന് നിർദ്ദേശമുണ്ട്. നഗരസഭയുടെ നീക്കിയിരിപ്പിൽ പ്രതിഫലിക്കാത്ത ഈ അക്കൗണ്ടിലെ പണം ദുരുപയോഗം ചെയ്യപ്പെടാനുള്ള സാധ്യത വളരെ കൂടുതലാണ്. ഈ സാഹചര്യത്തിൽ ഈ അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുകകളുടെ വിവരം പരിശോധിച്ച് താഴെ പറയും പ്രകാരമുള്ള നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

എ) പലിശയിനത്തിൽ വരവുള്ള തുക കണക്കാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടയ്ക്കുക.

ബി) കരാറുകാർ, കൺവീനർമാർ എന്നിവർക്ക് തുക നൽകാൻ അവശേഷിക്കുന്നുണ്ടെങ്കിൽ, ആയത് കണക്കാക്കി, നോട്ടീസ് നൽകി, തുടർ നടപടി സ്വീകരിക്കുക. തുക കൈപ്പറ്റാത്ത പക്ഷം കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടക്കുക.

സി) ക്ഷേമ നിധി, വാറ്റ്, ആദായ നികുതി മുതലായവ അടവാക്കാൻ അവശേഷിക്കുന്നുണ്ടെങ്കിൽ ആയത് ഉടനടി അടവാക്കുക.
ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-18 ഡി.അർ.മേസൺറിക്ക് അധിക നിരക്ക് അനുവദിച്ചതിനാൽ അധികച്ചലവ്

ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സിൽ ഡ്രൈ റബിൾ മേസണറിക്ക് ഡാറ്റ നിലവിൽ ഇല്ലാത്തതിനാൽ റാൻഡം റബിൾ മേസണറിയുടെ ഡാറ്റയെ, ഐറ്റം നം. 7.1.1, അടിസ്ഥാനമാക്കി ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കുകയാണ് 2015-16 വരെ ചെയ്തു വന്നിരുന്നത്. ഇപ്രകാരമുള്ള ഒബ്സർവ്ഡ് ഡാറ്റ അനുസരിച്ച്, കോസ്റ്റ് ഇൻഡക്സ് 1.3919, ഡ്രൈ റബിൾ മേസനറിക്ക് അനുവദനീയമായ നിരക്ക് 2572.15/എം3 ആണ്. തൻ വർഷം നിർവ്വഹിച്ച, ടി.എസ്.നം. AEE/LSGD/PNI/MPM/ 178/4.1.16 പ്രകാരം സാങ്കേതിക അനുമതി ലഭിച്ച, ഈശ്വര മംഗലം ക്രിമേറ്റോറിയം നവീകരണം എന്ന പ്രൊജക്ടിൽ, നമ്പർ.44/17, എം.ബുക്ക് നം.24/16-17, ഡി.ആർ മേസണറിക്ക്, 2572/എം3 നിരക്കാണ് അനുവദിച്ചിട്ടുള്ളത്. എസ്റ്റിമേറ്റിനൊപ്പം ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കി സമർപ്പിച്ചാണ് ഈ നിരക്കിന് അംഗീകാരം വാങ്ങിയിട്ടുള്ളത് (2016-17 മുതൽ പ്രൈസ് സോഫ്റ്റ്വെയറിൽ അംഗീകൃത ഒബ്സർവ്ഡ് ഡാറ്റയായി ഡി.ആർ.മേസണറിയുടെ ഡാറ്റ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് അനുസരിച്ചും അനുവദനീയമായ നിരക്ക്

2572/എം3ആണ്.). എന്നാൽ ഇതിന് വിരുദ്ധമായി തൻവർഷം നിർവ്വഹിച്ച താഴെ പറയുന്ന പ്രൊജക്റ്റുകളിൽ ഉയർന്ന നിരക്ക് അനുവദിച്ചതിനാൽ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. വിശദവിവരം താഴെ പറയുന്നു.

| പ്രൊജക്റ്റിന്റെ വിവരം | നിർവ്വഹിച്ച D R പ്രവൃത്തി (m3), അനുവദിച്ച നിരക്ക്(OD), തുക | 2572/എം3 പ്രകാരം അനുവദിക്കാവുന്ന നിരക്ക് | അധികം നൽകിയ തുക |
|---|---|---|---|
| ഫയൽ നം : ഇ1/15029/16<br>പ്രൊജക്റ്റ് നം : 42/17<br>അടങ്കൽ : 700000.00<br>പ്ലാൻ<br>ചെലവ് : 609700.00<br>ബിൽ നം.23/13.2.17<br>എം.ബുക്ക് :41/16-17<br>ടി.എസ്.നം :180/14.1.16 | ഇനം.2<br>33.12@3532= 116979.84 | 33.12@2572.15= 85189.60 | 31790.24x 12% ടെണ്ടർ കുറവ് = 27975.00 |
| ഫയൽ നം : ഇ1/20371/16<br>പ്രൊജക്റ്റ് നം : 71/17<br>അടങ്കൽ : 1000000.00<br>(MG റോഡ്)<br>ചെലവ് : 903150.00<br>ബിൽ നം.49/23.3.17<br>എം.ബുക്ക് :28/16-17<br>ടി.എസ്.നം :161/14.1.16 | ഇനം.2<br>138.90@3060= 425034.00 | 138.90@2572.15 = 357271.63 | 67762x12.90% ടെണ്ടർ കുറവ് =59021.00 |
| ഫയൽ നം : ഇ1/1424/16<br>പ്രൊജക്റ്റ് നം : 59/17 | ഇനം.2<br>28.65@3532= 101191.80 | 28.65@2572.15 = 73692.09 | 27500x 5.9% ടെണ്ടർ കുറവ് = 25877.00 |

| | | | |
|---|---|---|---|
| അടങ്കൽ : 600000.00<br>(MG റോഡിതരം)<br>ചെലവ് : 563692.00<br>ബിൽ നം.42/4.3.17<br>എം.ബുക്ക് :39/16-17<br>ടി.എസ്.നം :150/16.12.15 | | | |

മേൽ അപാകതക്ക് ഓഡിറ്റ് എൻക്വയറി നം.15/6.11.17 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിരുന്നു. കാലാകാലങ്ങളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ സാങ്കേതിക അനുമതി നൽകിയ നിരക്ക് അനുസരിച്ചാണ് പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുള്ളത് എന്നാണ് ഇതിന് 7.11.17 നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുള്ളത്. ഒരേ സമയം സാങ്കേതിക അനുമതി ലഭിച്ച പ്രൊജക്ടുകളിൽ ഒരേ ഇനത്തിന് വ്യത്യസ്ഥ നിരക്ക് അനുവദിച്ചത് ഒരു രീതിയിലും ന്യായീകരിക്കാൻ ആകുന്ന നടപടിയല്ലാതിനാൽ, നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയതിനാൽ മേല്പറഞ്ഞ പ്രകാരം പ്രൊജക്ടുകളിൽ അധികം ചെലവുവന്ന തുക 27975+ 59021+ 25877= 112873.00 രൂപ പ്രൊജക്ടുകളുടെ ഏസ്റ്റിമേറ്റ് തയ്യാറാക്കിയ എഞ്ചിനീയറുടെയും, എസ്റ്റിമേറ്റുകൾക്ക് സാങ്കേതിക അനുമതി നൽകിയ എഞ്ചിനീയറുടെയും ബാധ്യതയായി നിജപ്പെടുത്തുന്നു.

## 3-19 പൂഴമ്പ്രം ആയുർവ്വേദ ഡിസ്പെൻസറി റോഡ് കോൺക്രീറ്റിംഗ് - ടെണ്ടർ ഫീ ഇനത്തിൽ കുറഞ്ഞ തുക ഈടാക്കി.

ഫയൽ നം : ഇ1/21100/16

പ്രൊജക്ട് നം : 234/17

അടങ്കൽ : 788000.00 (ധ.ക.ഗ്ര)

ചെലവ് : 599458.00

ബിൽ നം.52/22.3.17

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

സർക്കാർ ഉത്തരവ് (പി)നം.429/15/ഫിൻ തീയ്യതി.28.9.15 അനുസരിച്ച് 50001.00 രൂപ മുതൽ 10 ലക്ഷം രൂപ വരെ അടങ്കലുള്ള പ്രൊജക്ടുകൾ ടെണ്ടർ ചെയ്യുമ്പോൾ ടെണ്ടർ ഫോറം ഫീ ഇനത്തിൽ പ്രൊജക്ട് അടങ്കലിന്റെ 0.2% ഈടാക്കണം. ഇത് അനുസരിച്ച്, ഇ- ടെണ്ടർ മുഖേനെ ടെണ്ടർ ചെയ്ത ഈ പ്രൊജക്ടിന്റെ ടെണ്ടർ സമർപ്പണ ഫീ ഇനത്തിൽ 788000x0.2%=1576.00 രൂപയും 4% വാറ്റും, 1576x4%=63, ഉൾപ്പെടെ 1640.00 രൂപ ഈടാക്കേണ്ടിയിരുന്നു. എന്നാൽ ഈ പ്രൊജക്ടിന് ലഭിച്ച ആറ് ടെണ്ടറുകളും പരിശോധിച്ചപ്പോൾ ടെണ്ടർ ഫീ ഇനത്തിൽ 60.00 രൂപ മാത്രമാണ് കരാറുകാർ ഒടുക്കിയിട്ടുള്ളത് എന്ന് കണ്ടു. ഇതു മൂലം ടെണ്ടർ ഫീ ഇനത്തിൽ നഗരസഭക്ക് 1640-60=1580, 1580x6= 9480.00രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്.

മേൽ അപാകതക്ക് 13/6.11.17 നമ്പർ ഓഡിറ്റ് എൻക്വയറി മുഖേനെ വിശദീകരണം ആവശ്യപ്പെട്ടിരുന്നു. ഇതിന് 7.11.17ന് ലഭ്യമാക്കിയ മറുപടിയിൽ, ടെണ്ടർ ഫീ ഇനത്തിൽ നിയമപ്രകാരം അടക്കേണ്ട തുക കണക്കാക്കി ടെണ്ടർ നോട്ടീസിൽ കാണിച്ചിരുന്നുവെന്നും, ഇ-ടെണ്ടർ വെബ്സൈറ്റിന്റെ അപാകത നിമിത്തമാണ് പ്രസ്തു തുകയിലും കുറവായ തുക അടവാക്കാൻ ഇടയായതെന്നും, ഇക്കാര്യത്തിൽ മുനിസിപ്പൽ എഞ്ചിനീയറുടെ കാര്യാലയത്തിന് വീഴ്ച്ചയൊന്നും സംഭവിച്ചിട്ടില്ലെന്നും, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസുമായി ബന്ധപ്പെട്ട് അപാകത പരിഹരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

ഇ-ടെണ്ടർ വെബ്സൈറ്റിന്റെ അപാകത നിമിത്തം നിയമപരമായ ടെണ്ടർ സമർപ്പണ ഫീ അടവാക്കാൻ കഴിയാതിരുന്നുവെങ്കിൽ, ബിഡ് സെക്യൂരിറ്റി തിരികെ നൽകുന്നതിന് മുമ്പ് കരാറുകാരോട് പ്രസ്തുത തുക അടവാക്കാൻ ആവശ്യപ്പെടുകയും, കരാറുകാർ വിസമ്മതിക്കുന്ന പക്ഷം ബിഡ് സെക്യൂരിറ്റിയിൽ നിന്നും തുക ഈടാക്കുകയും ചെയ്യുകയാണ് മുൻസിപ്പൽ എഞ്ചിനീയർ ചെയ്യേണ്ടിയിരുന്നത്. ഇത് ചെയ്തിട്ടില്ല. ആയതിനാൽ മേല്പറഞ്ഞ പ്രകാരം മുൻസിപ്പൽ ഫണ്ടിന് നഷ്ടമായ തുക 9480.00രൂപ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തുന്നു.

## 3-20 ഗാർഡൺ ടില്ലർ ഉപയോഗിച്ചു തുടങ്ങിയില്ല

പ്രൊജക്ട് : യന്ത്രവല്ക്കരണം( S00139/2017)

നിർവഹണം:എ.എഫ്.ഒ

തുക:1,63,213 (പ്ലാൻ ഫണ്ട്)

ബിൽ നം. 12/16-17 തി. 30.3.2017

അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ നിർവഹണം നടത്തിയ മേൽ പദ്ധതി പ്രകാരം കാംകോ എറണാകുളം എന്ന സ്ഥാപനത്തിൽ നിന്നും ഗാർഡൺ ടില്ലർ/പവർ വീഡർ,അനുബന്ധ ഉപകരണങ്ങൾ തുടങ്ങിയവ വാങ്ങി പൊന്ന്യാരൻ പാടശേഖര സമിതിക്ക് കൈമാറുകയും അവരുമായി കരാർ ചമക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ കരാർ പ്രകാരമുള്ള നിബന്ധനകൾ മുഴുവനായി പാലിച്ചു കാണുന്നില്ല. ഉപകരണം ഇൻഷൂർ ചെയ്യാനും നിശ്ചയിച്ച നിരക്ക് പ്രകാരം വാടകക്ക് നല്കാനും കൃത്യമായ രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കാനും നടപടി സ്വീകരിക്കേണ്ടതാണ്. ഉപകരണം പർച്ചേസ് ചെയ്ത് പത്തു മാസമായിട്ടും പ്രയോജനപ്പെടുത്താത്ത സാഹചര്യം പരിഗണിച്ച് ചെലവു തുക 163213 തടസത്തിൽ വെക്കുന്നു. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-21 മരുന്നുകൾ മുഴുവൻ ലഭ്യമാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ:മെഡിക്കൽഓഫീസർ (ആയ്യുർവ്വേദം)

ആയുർവ്വേദ ഹോസ്പിറ്റലേക്ക് മരുന്ന് വാങ്ങുന്നതിനായി (പ്രോജക്ട് നം.SO104/17) ഔഷധിയ്ക്ക് 10,00,000/-രൂപ നല്കിയിട്ടുണ്ട്(ഡി.ഡി.നം.717336/18.2.2017). സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 9,51,287/- രൂപയുടെ മരുന്നുകൾ ലഭിച്ചത് മാത്രമെ സ്റ്റോക്കിലെടുത്തിട്ടുള്ളൂ. 48,713/-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. പ്രസ്തുത അപാകത ഓഡിറ്റ് എൻക്വയറി(നം.4/3.11.2017) പ്രകാരം അറിയിച്ചിട്ടുണ്ട്. മറുപടി ലഭ്യമാക്കിയിട്ടില്ല.48,713/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-22 സർക്കാരിന് ലഭിക്കേണ്ട നികുതി അടവാക്കിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തിയിട്ടില്ല

പ്രോജക്ട് നം.SO106/17

അടങ്കൽ തുക:1,10,000/-[Maintance Fund (Non road)]

ചെലവ് :1,10,000

നിർവ്വഹണ ഉദ്യോഗസ്ഥൻ:മെഡിക്കൽ ഓഫീസർ(ആയുർവ്വേദം)

ബിൽനം.3/16-17 തീയതി:24.1.2017 :1,10,000/-

ആശുപത്രി ഉപകരണങ്ങൾ വാങ്ങൽ/ആശുപത്രി ഉപകരണങ്ങളുടെ അറ്റകുറ്റപ്പണി എന്ന പ്രോജക്ടിൽ POWER SOLUTIONS, എന്ന സ്ഥാപനത്തിൽ നിന്ന് സോളാർവാട്ടർ ഹീറ്ററും അനുബന്ധ ഉപകരണങ്ങളും വാങ്ങിയവകയിൽ പ്രസ്തുത സ്ഥാപനത്തിന് 70,500/-രൂപ നല്കിയിട്ടുണ്ട് (ഡി.ഡി.നം.496694/28.3.2017) എന്നാൽ ടി സ്ഥാപനം The kerala Value AddTax Rules-2005 പ്രകാരമുള്ള FormNo.8Bയിലുള്ള ബിൽ ഹാജരാക്കിയിട്ടില്ല. ആയതിനാൽ സർക്കാരിന് ലഭിക്കേണ്ട നികുതി അടവാക്കിയിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തിയിട്ടില്ല. പ്രസ്തുത അപാകത ഓഡിറ്റ് എൻക്വയറി(നം.4/3.11.2017) പ്രകാരം അറിയിച്ചെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ ഇത്തരം അപാകത ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-23 മരുന്നുകൾ മുഴുവൻ ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് നം.SO126/17

അടങ്കൽ :2,41,827/-(വികസന ഫണ്ട്)

ചെലവ് :2,41,800/-

ബിൽ നം:1/16-17 തീയതി:23.12.2016 :2,41,800/-

നിർവ്വഹണ ഉദ്യോഗസ്ഥൻ:മെഡിക്കൽ ഓഫീസർ (ഹോമിയോ)

HOMCO, ആലപ്പുഴ എന്ന സ്ഥാപനത്തിൽ നിന്ന് നഗരസഭാ ഹോമിയോ ഡിസ്‌പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി 2,41,800/-രൂപ ചെലവഴിച്ചിട്ടുണ്ട്.(ഡി.ഡി.നം.155676/23.12.2016).എന്നാൽ Invoice no.LF.352/09.8.2017 പ്രകാരം 1,73,599/-രൂപയുടെ മരുന്ന് ലഭിച്ചവ മാത്രമെ സ്റ്റോക്കിലെടുത്തിട്ടുള്ളൂ. ബാക്കി 68,201/-രൂപയുടെ മരുന്നുകൾ ലഭിച്ചതിൻെറ വിവരം ലഭ്യമല്ല. തുക കൈപ്പറ്റിയതിൻെറ രശീതിയും ഹാജരാക്കിയിട്ടില്ല.

മേല്പറഞ്ഞ അപാകത ഓഡിറ്റ് എൻക്വയറി(നം.02/3.11.2017) പ്രകാരം അറിയിച്ചിട്ടുണ്ട്. മറുപടി ലഭ്യമാക്കിയിട്ടില്ല. 68,201/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## ഭാഗം-4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

| ക്രമ നം | നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം/ചെക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|---|
| 1 | KWA | ഗാർഹിക കുടിവെള്ള കണക്ഷൻ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | ബിൽ നം.28 | 5614255 | ഇല്ല | ഇല്ല |
| 2 | KWA | കറുകതിരുത്തി ചുവന്ന റോഡ് പൈപ്പ് ലൈൻ റീപ്ലെയ്സ്മെന്റ് | ബിൽ നം.32 | 1314597 | ഇല്ല | |
| 3 | KSEB | സ്ട്രീറ്റ് മെയിൻ | - | 1197266 | ഇല്ല | |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ/വായ്പ തിരിച്ചടവ്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| നഗര സഭാ കെട്ടിട നിർമാണം (KURDFC loan) | 2678/08 തി. 14.7.09 | 4800000 | 1952645 | 723825 | 122982 | 1228820 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3,11,46,496 |
| തൻവർഷം നിക്ഷേപിച്ച തുക | 95,48,600 |
| ആകെ | 4,06,95,096 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 1,10,00,000 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2,96,95,096 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക | രസീതി നമ്പർ |
|---|---|---|
| F.D PNB | 3097549 | 43400001192 |
| F.D PNB | 3097547 | 43400001208 |
| F.D PSCB | 6000000 | 0201020205023 |
| F.D PSCB | 6000000 | 0201020205023 |
| F.D PSCB | 5000000 | 0201020205023 |
| F.D PSCB | 6000000 | 0201020205023 |
| Equity share | 5,00,000 | |

## 4-6 ഓഡിറ്റ് റിക്കവറി

ലഭ്യമാക്കിയിട്ടില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 37(1),43,47 | 2001-02 | - | മൈത്രി ഭവന നിർമാണം | നടപടികൾ |

| | | | | | |
|---|---|---|---|---|---|
| | 49,62,65,79,<br>74,84,82 | | | വിനിയോഗ വിവരമില്ല | തുടരുന്നു |
| 1998-99 | 3-9 | 2006-07 | -- | ലഘു അവലോകനങ്ങൾ | നടപടികൾ തുടരുന്നു |
| 1999-2000 | 3-53, 3-71, 3-28, 3-69<br>3-36, 3-35, 3-34, 3-43, 3-56, 3-54, 3-55, 3-51, 3-23 | 2006-07 | - | | നടപടികൾ തുടരുന്നു |
| 2000-01 | - | - 2012-13 | | രേഖകൾ ഹാജരാക്കിയില്ല, 1558598 രൂപ<br>പരസ്യ നികുതി ലഘു അവലോകനം | നടപടികൾ തുടരുന്നു |
| 2008-09<br>2009-10<br>2010-11<br>2011-12 | 3-5<br>3-25 | 2013-14 | | ലഘു അവലോകനം (Procurement Manual) | നടപടികൾ തുടരുന്നു |
| 2012-13 | 3-2<br>3-1 | 2014-15 | - | 3-2 – നിഷ്ക്രിയാസ്തികൾ അവലോകനം<br>3-1 – മണൽ വാരൽ അവലോകനം | നടപടികൾ തുടരുന്നു |

## **4-8** ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 36,90,51,753.92 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 289677677 |
| വരവിനങ്ങളിലുള്ള നഷ്ടം | 13039 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 861389 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,46,15,637 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-5 | 13039 | | ശ്രീ.മനോജ് കെ.കെ ,സെക്രട്ടറി |
| 3-11 | | 724965 | ശ്രീ റിയാസ് ടി. പ്രൊജക്ട് ഓഫീസർ |
| 3-14 | | 14071 | ശ്രീ.രഘു പി. മുനിസിപ്പൽ എഞ്ചിനിയർ |
| 3-18 | | 112873 | 1)ശ്രീ.രഘു പി. മുനിസിപ്പൽ എഞ്ചിനിയർ- 56437<br>2)ശ്രീ.രാജഗോപാൽ അസി. എക്സി. എഞ്ചിനിയർ-56436 |

| | | | |
|---|---|---|---|
| 3-19 | | 9480 | ശ്രീ.രഘു പി. മുനിസിപ്പൽ എഞ്ചിനിയർ |
| ആകെ | 13039 | 861389 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 560000 | ശ്രീ. ബിജു പി.എം. എസ്.സി.ഡി.ഒ |
| 3-3 | 925000 | ശ്രീ. ബിജു പി.എം. എസ്.സി.ഡി.ഒ |
| 3-5 | 636000 | ശ്രീ റിയാസ് ടി. പ്രൊജക്ട് ഓഫീസർ? |
| 3-6 | 75,68,909 | ശ്രീ.മനോജ് കെ.കെ ,സെക്രട്ടറി |
| 3-8 | 47,29,018 | ശ്രീ.മനോജ് കെ.കെ ,സെക്രട്ടറി |
| 3-12 | 1912254 | ഡോ. ഷാജ്കുമാർ എ. സൂപ്രണ്ട്. THQH പൊന്നാനി |
| 3-16 | 844220 | ശ്രീ.രഘു പി. മുനിസിപ്പൽ എഞ്ചിനിയർ |
| 3-20 | 163213 | ശ്രീ.രാധാകൃഷ്ണ പിള്ള .എ.എഫ്.ഒ |
| 3-21 | 48713 | ഡോ. ഫെബി മോൾ<br>മെഡിക്കൽ ഓഫീസർ(ആയുർവേദ ) |
| 3-23 | 68201 | ഡോ. നർദ ബി., മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| ആകെ | 1,46,15,637 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 3.15- 69600/- ശ്രീ. രഘു.പി, മുനി.എഞ്ചിനീയർ

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.മനോജ് കെ.കെ ,സെക്രട്ടറി | സെക്രട്ടറി,പൊന്നാനി നഗരസഭ | കല്ലുങ്കുന്നത്ത് ഹൗസ്<br>ചിക്കന്നൂർ പി.ഒ<br>തൃശ്ശൂർ ജില്ല. |
| ശ്രീ.രഘു പി. മുനിസിപ്പൽ എഞ്ചിനിയർ | - | രോഹിണി നിലയം,ഗോവിന്ദ മുട്ടം പി.ഒ.<br>കായംകുളം<br>പിൻ 690527 |
| ശ്രീ.രാജഗോപാൽ അസി. എക്സി. എഞ്ചിനിയർ | - | രാജ് വിഹാർ<br>തവനൂർ പി.ഒ<br>മലപ്പുറം 679573 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|

| | | |
|---|---|---|
| 87-88,88-89 | എൽ.എഫ്.എം5//97 തിയ്യതി 26-3-99 | 8 |
| 89-90,90-91 | എൽ.എഫ്.എം6/1601/99 തിയ്യതി 05-9-00 | 1 |
| 1997-98<br>(ചെലവ്) | എൽ.എഫ്.എം.25/1918/(17)/05-12-2014 | 77 |
| 1997-98 വരവ് | എൽ.എഫ്.എം.25/1918/(18)/05-12-2014 | 11 |
| 1998-99 | എൽ.എഫ്.എം.25/1918/(19)/05-12-2014 | 36 |
| 1999-2000 | എൽ.എഫ്.എം.4/646/05/16-06-2006 | 60 |
| 2000-01<br>(ചെലവ്) | എൽ.എഫ്.എം.4/1123/05/15-03-2006 | 49 |
| 2001-02<br>(ചെലവ്) | എൽ.എഫ്.എം.18/2142/07/07/06/2008 | 17 |
| 2002-03<br>(ചെലവ്) | എൽ.എഫ്.എം.18/2143/07/07/06/2008 | 18 |
| 2003-04<br>(ചെലവ്) | എൽ.എഫ്.എം.18/2151/07/29-08-08 | 12 |
| 2004-05<br>(ചെലവ്) | എൽ.എഫ്.എം.18/2152/07/21-05-08 | 17 |
| 2005-2006<br>(ചെലവ്) | എൽ.എഫ്.എം21/2165/09 തിയ്യതി 5-3-12 | 11 |
| 2006-07 | എൽ.എഫ്.എം21/2166/09 തിയ്യതി 5-3-12 | 16 |
| 2007-08 | എൽ.എഫ്.എം21/2167/09 തിയ്യതി 6-3-12 | 41 |
| 2008-09 | എൽ.എഫ്.എം21/37/13 തിയ്യതി 30-3-13/7-6-13 | 39 |
| 2009-10 | എൽ.എഫ്.എം3/1109/87 | |
| 2010-11 | എൽ.എഫ്.എം3/1109/87 | |
| 2011-12 | എൽ.എഫ്.എം21/424/2014 തിയ്യതി 8-5-14/2-6-14 | 30 |
| 2012-13 | എൽ.എഫ്.എം25/3390/2014 തിയ്യതി 4.2.2015 | 17 |
| 2013-14<br>2014-15 | കെ.എസ്.എ-എം.പി.എം.21/2104/2016 | 32 |

| | | |
|---|---|---|
| 2015-16 | നം.കെ.എസ്.എ.എം.പി.എം.21/248/2017 തീയതി 10/02/2017 | 41 |

1987-88 മുതലുള്ള ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുന്നു. നഗരസഭ കൗൺസിൽ പ്രത്യേകയോഗം ചേർന്ന് തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിഷയത്തിൽ തീരുമാനനമെടുത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.എം.പി.എം.21/2452/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
പിൻ - 676 505, ഫോൺ : 0483 2734951
ഇ- മെയിൽ: dompm.ksad@kerala.gov.in
തിയ്യതി : 30.11.2017

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295(4)-ാം വകപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനായി വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ പൊന്നാനി നഗരസഭയുടെ 31.03.2017 ൽ അവസാനിച്ച ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ ഓഡിറ്റ് നിർവഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പൊന്നാനി നഗരസഭയുടെ 2016-17 വർഷത്തെ നകാര്യ സ്റ്റേറ്റ്മെന്റ് വരവ് – ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.
മലപ്പുറം.

പകർപ്പ്

1. മുനിസിപ്പൽ സെക്രട്ടറി, പൊന്നാനി നഗരസഭ
2. ഡയറക്ടർ , കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
3. റീജ്യണൽ ജോയിന്റ് ഡയറക്ടർ , നഗരകാര്യ വകുപ്പ് , കോഴിക്കോട്
4. കാര്യാലയ പ്രതി.

## അനുബന്ധം-2

# AUDIT CERTIFICATE

No.KSA/MPM/21/2452/2017

Kerala State Audit Department
District Audit office ,Malappuram

Phone: 0483 -2734951

Email: dompm.ksad@kerala.gov.in

Date: 30.11.2017

Certified that I have audited the Annual Financial Statement of Ponnani Municipality in Malappuram District of the year ended on 31.3.2017 in accordance with section 4 of the Kerala Local Fund Audit Act 1994. Section 295(4) of the Kerala Muncipality Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of certification of accounts of Municipalities.

In my opinion, the Financial Statements of Ponnani Municipality for the year 2016-17 except the observations in My audit report properly presents the picture of income and expenditure.

SeniorDeputy Director

Kerala State Audit Department

Malappuram

To

1. The Muncipal Secretary, Ponnani Municiaplity
2. The Director, Kerala State Audit Department, Thiruvananthapuram.
3. The Regional Joint Director, Kozhikode
4. Office Copy

സി.ടി.7/12/2017